# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 41

28 മാർച്ച് 2015 പുസ്തകം 37 ലക്കം 41 പേജ് 6


ഉൾപ്പേജുകളിൽ


- സഭാപ്രശ്നങ്ങൾ 2
- കൽക്കട്ടയിലെ ചേരികളിൽ 3
- കൊല്ലത്തെ കൂട്ടായ്മ 4
- മഹത്വത്തിൽ/വാർത്തകൾ 5
- വാർത്തകൾ 6


# വിശ്വാസം: കാണാത്ത കാര്യങ്ങളുടെ നിശ്ചയം

**വിശ്വാസ ബലിപീഠത്തിൽ മനസ്സുറപ്പിച്ചു നിന്ന നോഹയുടെയും മോശെയുടെയും ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ക്രിസ്തുവിലേക്കും തന്റെ യാഗവേദിയിലേക്കും ഒരു ആഹ്വാനം.**

സി. സത്യദാസ്, വെളിയംകോട്

**വി**ശ്വാസം എന്ന വാക്കിന്റെ വിപരീതപദം അവിശ്വാസം എന്നാണല്ലോ. ഈ രണ്ടു വാക്കും മനുഷ്യചരിത്രത്തോളം പഴക്കം ഉണ്ട്. ഏദെൻ തോട്ടത്തിൽ അതു നാം കാണുന്നു. സ്നേഹവാനായ ദൈവം ആദ്യമാതാപിതാക്കളോടു അരുളിച്ചെയ്ത അനുഗൃഹീതമായ അരുളപ്പാട് അതേപടി അംഗീകരിക്കാതെ അവഗണിച്ചു. അനന്തരഫലം സ്രഷ്ടാവിൽ നിന്നും മനുഷ്യൻ അകന്നു പോയി. അതു മാത്രമല്ല ഈ അവനിയിൽ പിറന്നു വീണ മനുഷ്യരെല്ലാവരും പാപികൾ എന്ന ലേബലിൽ അറിയപ്പെടാൻ കാരണം ആരാധ്യനായ ദൈവത്തിന്റെ അരുമയുള്ള വാക്കുകളെ അതേപടി അംഗീകരിക്കാതെ അവിശ്വാസികളായി എന്നതു തന്നെ.

ഒരുവനു ദൈവത്തെ പ്രസാദിപ്പിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹം ഉണ്ടെങ്കിൽ കാരുണ്യവാനായ ദൈവത്തിൽ വിശ്വസിച്ചാൽ മതി. നാം എബ്രായ ലേഖനത്തിൽ ഇങ്ങനെ വായിക്കുന്നു. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴികയില്ല (11:6). "വിശ്വാസം" മറ്റൊരർത്ഥത്തിൽ ആശ്രയമാണ്. 'യഹോവേ എനിക്ക് ന്യായം പാലിച്ചു തരേണമേ. ഞാൻ എന്റെ നിഷ്കളങ്കതയിൽ നടക്കുന്നു. ഞാൻ ഇളകാതെ യഹോവയിൽ ആശ്രയിക്കുന്നു' (സങ്കീ. 26:1). 'പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്ത വിവേകത്തിൽ ഊന്നരുത്' (സദൃശ. 3:5). ഒരു കുഞ്ഞു ഏതൊരു ആവശ്യത്തിനും തന്റെ മാതാപിതാക്കളിൽ ആശ്രയിക്കുന്നതുപോലെ നാം ദൈവത്തിന്റെ കരുണയുള്ള കരത്തിൽ ആശ്രയിക്കണം. "ആശ്രയം യേശുവിലെന്നാൽ മനമേ നിനക്കാശ്വാസമായിടും ആയുസ്സെല്ലാം" എത്ര സുന്ദരമായ ഗാനം. "വിശ്വാസം" കാണാത്ത കാര്യങ്ങളുടെ നിശ്ചയം കൂടെയാണ്. ഇതുവരെ കണ്ടിട്ടില്ല എങ്കിലും വിശ്വസിക്കണം. അല്പം പ്രയാസം തോന്നുന്ന കാര്യമാണ്. എന്നാലും വിശ്വസിക്കണം. കാരണം പൗലോസ് പറയുന്നു, ആരേ ഞാൻ വിശ്വസിക്കുന്നു എന്നറിയുന്നു. അതാണ് കാര്യം. ഒരു ഭക്തൻ ഇങ്ങനെ പറഞ്ഞത് ഓർക്കുന്നു: "എല്ലാവരേയും സ്നേഹിക്കുക, കുറച്ചു പേരെ വിശ്വസിക്കുക." അതു മനുഷ്യരോടുള്ള ബന്ധത്തിൽ. എന്നാൽ വിശ്വാസജീവിതം ജീവനുള്ള ദൈവത്തിൽ ആശ്രയിച്ചാണ്. അവങ്കലേക്ക് നോക്കിയവർ (ആശ്രയിച്ചവർ) പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയില്ല (സങ്കീ. 34:5). ആകയാൽ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കാം. അവിടുത്തെ വാഗ്ദത്തങ്ങൾ നിശ്ചയം ഉള്ളതാണ്.

ഈ വിധത്തിൽ വിശ്വസിച്ച അനേക ഭക്തന്മാർ നമുക്ക് മുമ്പിൽ തല ഉയർത്തി നില്ക്കുന്നു. അതിൽ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളാണ് നോഹ. അദ്ദേഹത്തെക്കുറിച്ച് എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്, 'വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു.' (എബ്രാ. 11:7) എന്താണ് അദ്ദേഹം അതുവരെ കാണാതിരുന്നത്? "മഴ." ലോകത്തൊരിടത്തും അതുവരെ മഴ പെയ്തിരുന്നില്ല. 'മഴ' എന്നു പറഞ്ഞാൽ എന്താണ് എന്നുപോലും ആർക്കും അറിയില്ല. കാരണം മഴ പെയ്തിട്ടില്ല. ആ കാണാത്ത കാര്യത്തെ ദൈവം പറഞ്ഞപ്പോൾ അതുപോലെ വിശ്വസിച്ചു. അതാണ് വിശ്വാസം. താൻ മഴ കണ്ടിട്ടില്ല, എങ്കിലും പറഞ്ഞത് ആരാണെന്നു തനിക്കു അറിയാം. അവിടുത്തെ വാക്കുകൾ ഉവ്വ് ഉവ്വ് എന്നാണ്. വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. ആ കാണാത്ത കാര്യത്തിന്റെ നിശ്ചയം താൻ പ്രവൃത്തിയിൽ കൊണ്ടുവന്നു. താൻ കാട്ടിൽ പോയി ദൈവം പറഞ്ഞതുപോലെ ഗോഫർ മരം കണ്ടു പിടിച്ചു മുന്നൂറു മുഴം നീളം, അമ്പതു മുഴം വീതി, മുപ്പതു മുഴം ഉയരം. ഇത്രയ്ക്കും വലുപ്പമുള്ള പെട്ടകം തീർക്കാൻ ആവശ്യമായ തടി, അതു ഗോഫർ മരം മാത്രം തേടിപ്പിടിച്ചു ശേഖരിച്ചു. അതു പലകകളായി കീറി. താൻ താമസിക്കുന്ന വീടിനടുത്തു കൊണ്ടുവന്ന് പെട്ടകത്തിന്റെ പണി ആരംഭിച്ചു. ഒരു ഇനത്തിൽ പെട്ട മരത്തിൽ നിന്നു മാത്രം ഇത്രയും തടി അവിടെ കൊണ്ടുവന്നു പണി തുടങ്ങിയപ്പോൾ തീർച്ചയായും സ്നേഹിതരും ബന്ധുക്കളും അടുത്തു കൂടീട്ടുണ്ടാവാം. അവരൊക്കെ ഓരോ ചോദ്യങ്ങൾ നോഹയോടു ചോദിച്ചിട്ടുണ്ടാവാം. നോഹ എല്ലാവരുടെയും ചോദ്യത്തിനു സൗമ്യതയോടെ മറുപടി പറഞ്ഞു. ദൈവം എന്നോടു മഴ പെയ്ത് ഈ ഭൂമി നശിക്കാൻ പോകുന്നു എന്ന് അരുളിച്ചെയ്തിരിക്കുന്നു എന്ന്. ആർക്കും ഒന്നും മനസ്സിലായില്ല. കാരണം മഴ കണ്ടിട്ടില്ല എന്നതു തന്നെ. എന്നാൽ നോഹയ്ക്ക് നല്ല നിശ്ചയം ആയിരുന്നു. മഴ എന്തെന്ന് അറിയില്ല എങ്കിലും തന്നോടു പറഞ്ഞതു ആരാണെന്നു അറിയാമായിരുന്നു. അതുകൊണ്ട് താൻ തന്റെ പ്രവൃത്തി തുടർന്നു.

പെട്ടകത്തിന്റെ പണികൾ പുരോഗമിക്കുമ്പോൾ അതു കണ്ടവർ അവരവരുടെ അഭിപ്രായങ്ങൾ പറഞ്ഞു കാണും. 'ഓ..ാ.. അങ്ങേർക്ക് 'അമേരിക്കയിൽ' നിന്നും കാശു വരുന്നുണ്ടാവാം. അല്ലെങ്കിൽ പിന്നെ ഇങ്ങനെ ചെയ്യോ...? അതല്ലെങ്കി പുള്ളിക്കാരനു വട്ടാ... അതാ ഇങ്ങനെ ചെയ്യുന്നത്. അല്ല പിന്നെ...' അനേകർ അങ്ങനെ പല വിധത്തിൽ വിലയിരുത്തി. എന്നാൽ നോഹയ്ക്ക് അതൊന്നും കേൾക്കാൻ സമയം ഇല്ലായിരുന്നു. എന്തെന്നാൽ ദൈവം തന്നെ ഒരു ദൗത്യം ഏല്പിച്ചു അതു എത്രയും വേഗം ചെയ്തു തീർക്കണം. അതാണ് തന്റെ ലക്ഷ്യം. ഇപ്പോൾ പെട്ടകത്തിന്റെ പണി ഏകദേശം പൂർത്തിയായി. അവസാനത്തെ മിനുക്കു പണിയും ചെയ്തു തീർത്തു. ദൈവാത്മാവ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു. അങ്ങനെ തന്നെ ചെയ്തു." (ഉല്പ. 6:22). എന്താ കാരണം. തന്നോടു കല്പിച്ച, താൻ വിശ്വസിച്ച കാര്യത്തിന്റെ നിശ്ചയം ആശിക്കുന്നതിന്റെ ഉറപ്പ്. കാണാത്ത കാര്യത്തിന്റെ നിശ്ചയം. പ്രിയദൈവമക്കളെ നമുക്കും വിശ്വാസത്തിൽ നിലനില്ക്കാം. (പ്രവൃ. 14:22). വിശ്വസത്തിൽ ആരോഗ്യമുള്ളവരായിരിക്കാം (തീത്തോ. 1:13).

**അവരുടെ പ്രശ്നം ആഹാരം കുറഞ്ഞു എന്നതാണ്. അവർ തീർച്ചയായും കർത്താവിനോടു പ്രാർത്ഥിച്ചാൽ മതിയായിരുന്നു. അതിനു പകരം അവർ മോശെയോടു കയർത്തു സംസാരിക്കുന്നു.**

മോശെയെക്കുറിച്ചും നാം ഇങ്ങനെ വായിക്കുന്നു. യിസ്രായേൽ ജനം കനാൻ നാട്ടിലേക്കു യാത്ര തുടരുന്നു. മിസ്രയീമിൽ നിന്നും പുറപ്പെട്ടിട്ട് രണ്ടര മാസം കഴിഞ്ഞു. ആ


➢ശേഷം 2-ാം പേജിൽ


## വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ വാർത്തകൾ

## കുടപ്പനമൂട് സുവിശേഷക്യാമ്പിന് അനുഗൃഹീത സമാപനം

**ദൈ**വത്തിന്റെ അളവറ്റ കൃപയാൽ അമ്പൂരി ബ്രദറൺ സഭയുടെയും തിരുവനന്തപുരം സെന്റർ വൈ.എം.ഇ.എഫ്.ന്റെയും സഹകരണത്തിൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ ഒരു സുവിശേഷ ക്യാമ്പ് 2015 ഫെബ്രുവരി 19,20,21 തീയതികളിൽ കുടപ്പനമൂട് എന്ന സ്ഥലം കേന്ദ്രീകരിച്ച് വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടത്തപ്പെട്ടു. അമ്പൂരി, കുടപ്പനമൂട്, നെയ്യാർഡാം, വെള്ളറട, മുതലായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ഭവനങ്ങൾ സന്ദർശിച്ച് കർത്താവിന്റെ മഹത്വമാർന്ന സുവിശേഷം അറിയിക്കുവാൻ കർത്താവ് സഹായിച്ചു. കൂടാതെ രാവിലെയും വൈകുന്നേരവും വിവിധ സ്ഥലങ്ങളിൽ പരസ്യയോഗവും ഉണ്ടായിരുന്നു. ഇതു കൂടാതെ രാവിലെ യോഹന്നാൻ 2,3 അധികരിച്ച് വചനധ്യാനവും ഉച്ചകഴിഞ്ഞ് പ്രവർത്തനങ്ങളുടെ അവലോകനവും നടത്തി. പ്രാർത്ഥനയ്ക്കായി സമയം വേർതിരിച്ച ശേഷം ബൈബിൾ ക്ലാസ്സും ഉണ്ടായിരുന്നു. സഹോദരന്മാരായ റ്റി. മത്തായി (കോന്നി), വി.കെ. മാത്യു (കൊട്ടാരക്കര) തുടങ്ങിയവർ ക്ലാസ്സെടുത്തു. ക്യാമ്പിൽ ഏകദേശം 60 സഹോദരന്മാർ പങ്കെടുത്തു. ഇവിടെ നടന്ന പ്രവർത്തന ഫലമായി അനേകർ കർത്താവിനെ കണ്ടുമുട്ടുന്നതിനായും അമ്പൂരി സ്ഥലം സഭയ്ക്കായും ദൈവജനം പ്രാർത്ഥിക്കുക.

**ഈറോഡ് അനുധാവന പ്രവർത്തനം രാശിപുരത്ത് നടന്നു**

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് ടീം 2008-2010 കാലയളവിൽ പ്രവർത്തിച്ച ശേഷം തമിഴ്നാട്ടിലെ സഹോദരന്മാരുടെ ആഗ്രഹപ്രകാരം രണ്ടു മൂന്നു മാസത്തിലൊരിക്കൽ നടന്നു വരുന്ന ഹ്രസ്വകാമ്പയിൻ ഈ പ്രാവശ്യം മാർച്ച് 9 മുതൽ 14 വരെ സേലം ജില്ലയിലെ രാശിപുരത്ത് നടത്തപ്പെടുവാൻ കർത്താവ് സഹായിച്ചു. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമായി 12 സഹോദരന്മാർ പങ്കെടുത്തു. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെയും വൈകിട്ട് 4 മുതൽ 6 വരെയും ഗ്രാമങ്ങളിൽ ഭവനസന്ദർശനം നടത്തി സുവിശേഷം അറിയിക്കുക എന്നതായിരുന്നു മുഖ്യപരിപാടി. കൂടാതെ രാവിലെ പത്രോസ് 1,2 അധ്യായങ്ങളിൽ നിന്ന് വചനധ്യാനവും വൈകിട്ട് വിവിധ സ്ഥലങ്ങളിൽ ബൈബിൾ ക്ലാസ്സുകളും ഉണ്ടായിരുന്നു. ഇവിടെ നടന്ന പ്രവർത്തനത്തിന് ഫലം കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനും രാശിപുരം സ്ഥലം സഭയ്ക്കും സുവിശേഷകൻ ശരവണനുമായി ദൈവജനം പ്രാർത്ഥിക്കുക.

**നിലക്കോട്ട കാമ്പയിൻ അനുഗ്രഹമായി തുടരുന്നു.**

നേരിയ എതിർപ്പുകൾ നേരിടേണ്ടി വന്നു എങ്കിലും നിലക്കോട്ടയിലെ പ്രവർത്തനം അനുഗ്രഹകരമായി തുടരുന്നു. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന തുടർന്നും അഭ്യർത്ഥിക്കുന്നു.

സ്റ്റാൻലി ജേക്കബ്, ഡിവിഷണൽ സെക്രട്ടറി (9847532592)

വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ

## ബൈബിൾ ക്യാമ്പ്– 2015

താന്നിക്കൽ ബ്രദറൺ അസംബ്ലി ഹാൾ, വയനാട്

**2015 ഏപ്രിൽ 13 തിങ്കൾ രാവിലെ 9.00 മുതൽ 15 ബുധൻ ഉച്ചയ്ക്ക് 2.00 വരെ**

**മുഖ്യാതിഥികൾ:**

**ജോസ് മാങ്കുടി വയനാട്, റ്റി. പി. കനകരാജ് തിരുവനന്തപുരം**

*പ്രധാന പരിപാടികൾ:*

ബൈബിൾ ക്ലാസ്സുകൾ, കാരക്ടർ സ്റ്റഡി,
സംഗീതാഭ്യസനം, പൊതുയോഗം
ബൈബിൾ ക്വിസ്സ് (യോശുവ),
വചന ധ്യാനം (ഫിലി. 1,2 അധ്യായങ്ങൾ)

*ജിജു ജോർജ്ജ് (സെക്രട്ടറി) 9447322627*

വൈ. എം. ഇ. എഫ്. (നോർത്ത് ഡിവിഷൻ) ട്രസ്റ്റ്

## ബൈബിൾ ക്യാമ്പ്

ബ്രദറൺ സഭാഹാൾ വാളകം

ഏപ്രിൽ 1 ബുധൻ രാവിലെ 10 മണി മുതൽ 4 ശനി ഉച്ചയ്ക്ക് 1 മണി വരെ

ശുശ്രൂഷകന്മാർ: അജോയ് റ്റി. മാത്യൂ (മഹാരാഷ്ട്ര), ഡാനിയേൽ വർഗീസ് (പുനലൂർ), റെജി കെ. തോമസ് (നെല്യാടി), ജോർജ്ജ് കെ. പി. (മുള്ളരിങ്ങാട്)

**സ്പെഷ്യൽ ക്ലാസ്സുകൾ**

നമ്മുടെ യുവതലമുറയിൽ നല്ലൊരു പങ്ക് ആധുനിക മാധ്യമങ്ങളുടെ ചതിക്കുഴിയിൽ പെട്ട് ഉഴലുകയാണ്. ഈ വിഷയത്തിൽ മാതാപിതാക്കളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ഏപ്രിൽ 2 വ്യാഴാഴ്ച രാവിലെയും ഉച്ചകഴിഞ്ഞുമായി രണ്ട് പ്രത്യേക ക്ലാസ്സുകൾ ക്യാമ്പിൽ ക്രമീകരിച്ചിരിക്കുന്നു. ദൈവമക്കൾ പ്രാർത്ഥനാപൂർവ്വം ക്യാമ്പിൽ ആദിയോടന്തം പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

വൈ. എം. ഇ. എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റിനു വേണ്ടി

സ്റ്റാൻലി ഏബ്രഹാം (പ്രസിഡന്റ്) 9388281162, രമേശ് എസ്. നായർ (സെക്രട്ടറി) 9447047854

(ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും.)

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

**2015 മാർച്ച് 28**

**പുസ്തകം 37, ലക്കം 41**

# സഭകളിലെ പ്രശ്നങ്ങളും പരിഹാരവും

## തീർത്താലും തീരാതെ സഭാപ്രശ്നങ്ങൾ: ചില പരിഹാര മാർഗ്ഗങ്ങൾ

**ഈ** വിഷയത്തേപ്പറ്റി ഒരു ലേഖനം എഴുതുവാൻ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിലെ ഒരു സഭയിലെ പ്രശ്നങ്ങളേപ്പറ്റി ഒരു കത്തു കിട്ടി. അതുവായിച്ചപ്പോൾ വളരെ ദുഃഖം തോന്നി. ശവക്കോട്ടയെപ്പറ്റിയുള്ളതാണ് പ്രശ്നം. രണ്ടുമൂന്നുമാസങ്ങൾക്കു മുമ്പ് മുംബൈയിൽ ഒരു സഭ സന്ദർശിച്ചപ്പോൾ അവിടെയും ചില പ്രശ്നങ്ങൾ ഉള്ളതായി കേട്ടു. എന്തുകൊണ്ട് നമ്മുടെ സഭകളിൽ പ്രശ്നങ്ങൾ? അടുത്തും അകലെയുമുള്ള സഭകളിൽ നിന്നും ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ സഭയായി എങ്ങനെയിരിക്കുന്നു എന്ന് അന്വേഷിക്കാറുണ്ട്. പലയിടത്തും ചെറുതും വലുതുമായ പ്രശ്നങ്ങളുണ്ട്. എന്താണ് ഇതിനൊരു പരിഹാരം?

ഒന്നാമത്, പ്രാർത്ഥനയിൽ പോരാടണം. വളരെ വർഷങ്ങൾക്കു മുൻപ് ഒരു സ്ഥലത്ത് ഗുരുതരമായ ഭിന്നത. ഒരു കാര്യം ശ്രദ്ധിച്ചപ്പോൾ, അവിടെ പ്രാർത്ഥനായോഗമില്ല. ഒരു പ്രാർത്ഥനായോഗം തുടങ്ങാമെന്നു പറഞ്ഞു. അവർ അതനുസരിച്ചു ഹൃദയഭാരത്തോടെ പ്രാർത്ഥിച്ചു. താമസിയാതെ പ്രശ്നങ്ങൾ ഒരളവോളം പരിഹരിക്കപ്പെട്ടു. പ്രാർത്ഥിച്ചാൽ മാത്രം പോരാ "ശ്രദ്ധയോടെ" പ്രാർത്ഥിക്കണം (അപ്പൊ. 12:5). പത്രോസ് തടവിലായപ്പോൾ സഭചെയ്തത് എന്താണ്? ശ്രദ്ധയോടെ പ്രാർത്ഥിച്ചു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന അതേ പദം തന്നെയാണ് ഗത്ത്സമേനയിൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ലൂക്കോ 22:4. "അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു." യാക്കോബും പറയുന്നത് ഇതുതന്നെയാണ്. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ. 5:16).

സാൽവേഷൻ ആർമിയുടെ സ്ഥാപകൻ വില്യം ബൂത്ത് തന്റെ ഒരു പ്രവർത്തകൻ പല പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിച്ചു. ആ പ്രവർത്തകൻ പല നിലയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചു, പക്ഷേ വിജയിച്ചില്ല. അപ്പോൾ ബൂത്ത് ഒരു ടെലഗ്രാം അയച്ചു. "TRY TEARS" രണ്ടു വാക്കുകൾ മാത്രം: "കണ്ണുനീർ പരീക്ഷിച്ചു നോക്കുക" ഒരിക്കൽ വൈ.എം.ഇ.എഫ്. ടീം ലീഡറായിരിക്കുമ്പോൾ വളരെ സങ്കീർണ്ണമായ ഒരു പ്രശ്നം അഭിമുഖീകരിക്കുകയായിരുന്നു. അപ്പോൾ കണ്ണുനീർ പരീക്ഷിച്ചുനോക്കി. അത്ഭുതമെന്നു പറയട്ടെ, പ്രശ്നം പരിഹരിക്കപ്പെട്ടു. നമ്മുടെ സഭകളിലെ പ്രാർത്ഥനായോഗങ്ങൾ എങ്ങനെയിരിക്കുന്നു?

എഫെ. 4:1-3 വരെ വാക്യങ്ങളിൽ അപ്പൊസ്തലനായ പൗലോസ് അഞ്ച് പ്രതിവിധികൾ നിർദ്ദേശിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. 1. പൂർണ്ണ വിനയം 2. സൗമ്യത 3. ദീർഘക്ഷമ 4. സ്നേഹം 5. സമാധാന ബന്ധം പാലിക്കുക. ഈ വിഷയങ്ങൾ നാം ശ്രദ്ധിക്കുന്നെങ്കിൽ സഭകളിൽ പ്രശ്നങ്ങളുണ്ടാകയില്ല. ഈ അഞ്ചു കാര്യങ്ങൾ എഴുതിയ ബോർഡുകൾ നമ്മുടെ ഭവനങ്ങളിൽ തൂക്കിയിട്ടിരുന്നെങ്കിൽ! കർത്താവ് നമ്മെ സഹായിക്കട്ടെ.

ഏകഹൃദയത്തോടെ പ്രാർത്ഥിക്കണം (അപ്പൊ. 1:14, 14:24). ഒരുമനപ്പെട്ടു പ്രാർത്ഥിക്കുക. വിശുദ്ധകൈകളെ ഉയർത്തിയാണ് പ്രാർത്ഥിക്കേണ്ടത് (1 തിമൊ. 2:8). ഒരു ദൈവദാസൻ പറഞ്ഞു: 'Prayer meeting is the power house of the Assembly' നമ്മുടെ സഭകളിലെ 'പവർഹൗസിന്' കേടുപറ്റി കിടക്കുകയാണോ? പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കുന്നതിനു പ്രായപരിധിയൊന്നുമില്ല. പുരുഷന്മാർ എല്ലാടത്തും പ്രാർത്ഥിക്കണം എന്നാണ് കല്പന. കൃപയുടെയും യാചനകളുടെയും ആത്മാവിനെ കർത്താവ് സഭകളിൽ പകർന്നെങ്കിൽ! ദൈവം നമ്മെ വീണ്ടും ജീവിപ്പിച്ചെങ്കിൽ എന്നു നമുക്ക് പ്രാർത്ഥിക്കാം (സങ്കീ. 85:6).

വസ്തുതകളെ മനസ്സിലാക്കാൻ ശ്രമിക്കാതെ കൂട്ടുവിശ്വാസികളേപ്പറ്റി തെറ്റിദ്ധാരണകൾ വച്ചു പുലർത്തുന്നത് പലപ്പോഴും സഹോദരന്മാരിൽ മുറിവുകളുണ്ടാക്കും. ഇംഗ്ലണ്ടിലുള്ള ഒരു സഹോദരൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "എനിക്ക് വർഷങ്ങൾക്കു മുമ്പെ കിട്ടിയ അടികളിൽ ഒന്ന്, യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ശ്രമിക്കാതെ എന്റെ പഴയ സുഹൃത്തുക്കളും സഹോദരന്മാരും എന്നെ വിട്ടകന്നു പോയതാണ്." കേൾക്കുന്ന കാര്യങ്ങൾ ശരിയോ തെറ്റോ എന്നു മനസ്സിലാക്കാൻ ശ്രമിക്കാതെ തെറ്റിദ്ധാരണകൾവച്ചു പുലർത്തുന്നതും സഭകളിൽ വളരെ ദോഷം ചെയ്യും.

ദീർഘമായി ക്ഷമിക്കാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. പത്രോസ് കർത്താവിനോട് ചോദിക്കുന്നത് ഓർമ്മയുണ്ടല്ലോ. സഹോദരൻ പിഴച്ചാൽ ഏഴുവട്ടം ക്ഷമിച്ചാൽ പോരേ എന്നാണ് ചോദ്യം. ഇതിലധികം ക്ഷമിക്കേണ്ട ആവശ്യമില്ലല്ലോ എന്ന മറുപടിയാണ് പത്രോസ് പ്രതീക്ഷിച്ചത്. പക്ഷേ, ഏഴു എഴുപതുവട്ടം എന്നായിരുന്നു മറുപടി. ദീർഘവർഷങ്ങൾക്കു മുമ്പ് ആന്ധ്രയിലെ ഒരു സഭയിൽ അടിക്കടി ഉണ്ടാകുന്ന പ്രശ്നങ്ങളേപ്പറ്റി പരാതിപ്പെട്ടപ്പോൾ, പ്രശസ്ത മിഷണറി സൈലാസ് ഫോക്സ് അവർക്കു കൊടുത്ത ഉപദേശം ഇന്നും വളരെ പ്രസക്തമാണ്. "സഹിഞ്ചേതു മാംചിത്" എന്നായിരുന്നു തെലുങ്കിൽ നല്കിയ ഉപദേശം. "സഹിക്കുന്നതാണ് നല്ലത്" എന്നർത്ഥം. സഹിക്കുവാനും പൊറുക്കുവാനും നാം ഒരുക്കമാണോ? എങ്കിൽ സഭകളിൽ എത്ര പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടേനേ. എത്ര നിസ്സാര കാര്യങ്ങളെ ചുറ്റിപ്പറ്റിയാണ് പലപ്പോഴും സഭകളിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്? സ്വയശോധന ചെയ്യാം, വിനയപ്പെടാം. കർത്താവ് നമുക്ക് പണ്ടത്തേപ്പോലെ ഒരു നല്ല കാലം നല്കട്ടെ. അവിടുത്തെ തിരുനാമം മഹത്വപ്പെടുമാറാകട്ടെ. ആമേൻ.

**ഇ.ജെ. പൈലി.**

➤ 1-ാം പേജിൽ നിന്നും തുടർച്ച

വലിയ ജനസമൂഹം ഇപ്പോൾ സീനായ് മലയുടെ അടിവാരത്തിൽ എത്തിയിരിക്കുന്നു. അവരുടെ യാത്രയിൽ പലവിധ പ്രശ്നങ്ങൾ ഉണ്ടായി എങ്കിലും ദൈവം അതു അപ്പോഴപ്പോൾ ഇടപെട്ട് പരിഹരിച്ചു യാത്ര തുടരുവാൻ സഹായിച്ചു. പുറ 16-ാം അധ്യായത്തിൽ വരുമ്പോൾ യിസ്രായേൽ സംഘം മുഴുവനും മോശെയ്ക്കു നേരെ പിറുപിറുക്കുന്നു. അവരുടെ പ്രശ്നം ആഹാരം കുറഞ്ഞു എന്നാണ്. അവർ തീർച്ചയായും കർത്താവിനോടു പ്രാർത്ഥിച്ചാൽ മതിയായിരുന്നു. അതിനു പകരം അവർ മോശെയോടു കയർത്തു സംസാരിക്കുന്നു. പ്രതിഷേധമനോഭാവത്തോടെ സംസാരിക്കുന്നു. കഴിഞ്ഞ നാളുകളിൽ അവരെ നടത്തിയ വിധം എല്ലാം ഒരു നിമിഷം കൊണ്ടു മറന്ന് അവരുടെ നന്ദിയില്ലായ്മ അവിടെ തെളിഞ്ഞുവന്നു.

എന്നാൽ മോശെ ചെയ്തതു എന്താണ്? തന്റെ സങ്കടം കേൾക്കാൻ ഒരുവൻ ഉണ്ട്: ആ കർത്താവിന്റെ പാദത്തിൽ പോയി കാര്യമെല്ലാം പറഞ്ഞു. പറയേണ്ടിടത്തു പറഞ്ഞു. എന്തോരു അത്ഭുതം എന്തൊരു ആശ്വാസം. ഉടൻ മറുപടി, "യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു." (സങ്കീ. 34:15). യഹോവ മോശെയോടു പറഞ്ഞു, ഞാൻ നിങ്ങൾക്ക് ആകാശത്തു നിന്ന് അപ്പം വർഷിപ്പിക്കും (പുറ. 16:4). ഈ അനുഗൃഹീത വാക്കുകൾ കേട്ടപ്പോൾ മോശെ ജനത്തോടു പറഞ്ഞു. യഹോവ നിങ്ങൾക്കു മാംസവും നിങ്ങൾക്ക് തൃപ്തിയാംവണ്ണം അപ്പവും തരും. മോശെയുടെ അടുക്കൽ തന്റെ പ്രിയപ്പെട്ടവർ വന്നു, "മോശേ, ദൈവം നമുക്ക് എന്ത് ആഹാരമാ, എന്തിന്റെ മാംസമാ തരുന്നത്? മുകളിലേക്ക് നോക്കിയാൽ നീലാകാശം മാത്രമല്ലാതെ യാതൊന്നും കാണ്മാനില്ല; പിന്നെ എങ്ങനാ സാധിക്കുന്നത്? അവിടെയാണ് മോശെയുടെ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും കാണാത്ത കാര്യത്തിന്റെ നിശ്ചയവും നാം കാണുന്നത്. എത്ര അനുകരണീയമായ മാതൃക. ദൈവം പറഞ്ഞത് താൻ വിശ്വസിച്ചു. പൗലോസിന്റെ വാക്കുകൾ ഒന്നുകൂടെ ആവർത്തിക്കട്ടെ. "ആരെ വിശ്വസിക്കുന്നു എന്നു ഞാൻ അറിയുന്നു" എന്തൊരു വലിയ അറിവ്. ആ അറിവ് ആശ്രയത്തിലേക്കും നിശ്ചയത്തിലേക്കും തന്നെ നയിച്ചു.

മോശെയോടും പലരും ചോദിച്ചു കാണും, എന്തു കണ്ടിട്ടാ ഇതൊക്കെ വിളമ്പുന്നത്. അപ്പം ആകാശത്തു നിന്നു കിട്ടാൻ അവിടെ ആരെങ്കിലും തട്ടു കട നടത്തുന്നുണ്ടോ? ഒത്തിരി ചോദ്യങ്ങൾ തന്റെ നേരെ വന്നു കാണും. മോശെ പുഞ്ചിരിക്കുന്ന മുഖത്തോടെ അവരോടു മറുപടി പറഞ്ഞു കാണും, കാട്ടിലെ മൃഗങ്ങൾക്കും വാനിലെ പറവകൾക്കും അതതിന്റെ ആഹാരം മുടങ്ങാതെ നല്കുന്നവൻ നമുക്ക് ആഹാരം തരും. അതു തന്റെ നിശ്ചയമാണ്.

പ്രിയമുള്ളവരെ, നമ്മുടെ കർത്താവ് എത്ര വലിയവൻ എത്ര മഹോന്നതൻ. അവനൊപ്പം പറയുവാൻ ഒരാളും ഇല്ല. തനിക്ക് തുല്യൻ താൻ മാത്രം. ദൈവത്തിന് സ്തോത്രം. താൻ കല്പിച്ചതുപോലെ സംഭവിച്ചു. പിറ്റെ പ്രഭാതത്തിൽ യിസ്രായേൽ ജനം കണ്ടത് അതിരുചിയേറിയ ആഹാരം. അതുവരെ അവർ കഴിച്ചിട്ടില്ലാത്ത മനോഹരമായ ആഹാരം. അതു രുചിനോക്കിയാറെ തേൻ ചേർത്ത ദോശപോലെ!! നീണ്ട നാല്പതു വർഷം ഒരു ദിവസം പോലും കുറഞ്ഞു പോകാതെ ആകാശത്തിലെ 'തട്ടുകട'യിൽ നിന്നും ആഹാരം അവർക്ക് മതിയാകുവോളം സമൃദ്ധിയായി നല്കി. നോഹയുടെയും മോശെയുടെയും യിസ്രായേൽ ജനത്തിന്റെയും ദൈവം ഇന്നും ജീവിക്കുന്നു. മറന്നിടാതെ അവൻ നമ്മെയും പോറ്റും.

## എഴുത്തുകാരുടെയും വായനക്കാരുടെയും ശ്രദ്ധയ്ക്ക്

- വരിസംഖ്യ അയക്കുന്നവർ അഡ്രസ്സ് ദയവായി വ്യക്തമാക്കുക. മണിയോർഡർ ഫോമിൽ നിന്ന് പണമയക്കുന്നവരുടെ അഡ്രസ്സ് വ്യക്തമായി ലഭിക്കുന്നില്ല.
- രണ്ടു കോപ്പി ലഭിക്കുന്നവർ യഥാസമയം അറിയിക്കുക.
- വാർത്തകളും രചനകളും ഇമെയിൽ, തപാൽ, നേരിട്ട് ചീഫ് എഡിറ്റർക്ക് എത്തിക്കുക. കഥ, കവിത, ബൈബിൾ വിഷയാധിഷ്ഠിത ലേഖനം, പഠന ലേഖനങ്ങൾ, ഫീച്ചറുകൾ, അനുഭവങ്ങൾ, അഭിമുഖങ്ങൾ, മിഷനറി യാത്രാനുഭവങ്ങൾ, ദുരുപദേശ ഖണ്ഡനം, സഭാവാർത്തകൾ, കാലിക പ്രസക്തമായ വാർത്തകൾ എന്നിവയ്ക്കാണ് പ്രാമുഖ്യം. വ്യക്തിപരമായ വിമർശനങ്ങളോ സഭയിലെ ഗ്രൂപ്പു വാർത്തകളോ പ്രസിദ്ധീകരിക്കുന്നതല്ല. ലേഖനങ്ങൾ ഒരേ സമയം തന്നെ കോപ്പിയെടുത്ത് വിവിധ മാസികകൾക്ക് അയയ്ക്കുന്നവർ ഇത്തരം കോപ്പികൾ സുവിശേഷ ധ്വനിക്ക് അയക്കരുത്. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു തന്നെയായിരിക്കും.
- വരിസംഖ്യ കുടിശ്ശിക വരുത്താതെ സഹകരിക്കുക.

# ബയോസിസ് ഇൻഫോർമാറ്റിക് സെന്റർ

**കോയമ്പത്തൂർ:** കഴിഞ്ഞ അഞ്ചു വർഷമായി Biosis Informatic Centre ഭാരതത്തിൽ വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു, പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിലും കോളേജുകളിലും സുവിശേഷീകരണം നടത്തിക്കൊണ്ടിരിക്കുന്നു. കാലഘട്ടത്തിനനുസരിച്ച് വ്യത്യസ്തതയാർന്ന പ്രവർത്തന ശൈലികളിൽ ദൈവവചനത്തിന് അനുസൃതമായി സ്ഥലം സഭകളുടെ സഹകരണത്തോടെ യുവജനങ്ങളുടെ ആത്മിക നവോത്ഥാനത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ബയോസിസിന്റെ പുതിയ ഒരു സംരംഭമാണ് കോയമ്പത്തൂരിൽ ആരംഭിച്ചിരിക്കുന്ന Biosis Talmid House. വിവിധ സ്ഥലങ്ങളിൽ നിന്ന് ഉപരിപഠനത്തിനായി കോയമ്പത്തൂരിൽ എത്തുന്ന യുവജനതയ്ക്ക് താമസസൗകര്യം നൽകി, അവർക്ക് ആത്മിക പരിശീലനം കൊടുക്കുന്ന ഒരു Discipleship & Training Centre ആണിത്. അവരുടെ പഠനം പൂർത്തിയായി മടങ്ങിപ്പോകുമ്പോൾ ആത്മിക നേതൃത്വത്തിന്റെ ഉടമയായിട്ടും സുവിശേഷീകരണത്തിൽ നല്ല ഒരു പങ്കു വഹിക്കുന്നവരായിട്ടും ക്രിസ്തുയേശുവിനായി ശോഭിക്കണം എന്നുള്ളതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

കോയമ്പത്തൂർ ബ്രദറൺ സഭയുടെ എല്ലാ ശുശ്രൂഷകളിലും ഉത്സാഹത്തോടുകൂടെ യുവജനങ്ങൾക്ക് പങ്കെടുക്കുവാനും സഭ അവസരം ഒരുക്കുന്നു. Theological Training, Mission Training, Music Training, തുടങ്ങി വിവിധ പരിശീലനങ്ങളും ഇവിടെ നടന്നു വരുന്നു. Sitra എന്ന സ്ഥലത്ത് കോയമ്പത്തൂർ എയർപോർട്ടിന് രണ്ടു കിലോമീറ്ററിന് അകലെ ഒരു വാടക കെട്ടിടത്തിലാണ് ഇപ്പോൾ Talmid House പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനത്തെയും ശുശ്രൂഷകളെയും ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഒർക്കണമെന്ന് അപേക്ഷിക്കുന്നു.

റോബിൻ ബേബി (ജിബി)

**SHORT TERM BIBLE SCHOOL FOR THE YOUTH**

**(For Boys/Youth; Age 15 to 24)**


We are happy to announce the commencement of a three week Residential Short Term Bible School for the Youth. Day scholars are also admitted. All those who are waiting to enrol in various secular studies can join for this course.

**Place: Gospel Hall, Pathanamthitta**
**Date: 2015 March 30th Monday to April 17th Friday**
**Medium of Instruction: English**

Hostel facility will be available for 30 students.
Please call +91-9447265500 and confirm your seat.
For details, please call: +91-9447265500 or +91-9447561855 or send E-mail to bbipathanamthitta@gmail.com

Address: BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA, INDIA-689 645
(O.T. Cheriyan, Secretary).

ഗോത്രങ്ങൾ തേടി.....99




# തകർന്ന കൊട്ടാരങ്ങൾക്കിടയിൽ ഹഡോത്തികൾ

ജനസംഖ്യ : 6 ലക്ഷം

സാക്ഷരത : സാമാന്യം

തിരുവചന ലഭ്യത : തിരുവചന പരിഭാഷ ആരംഭിച്ചിട്ടില്ല




ഹിന്ദി ഭാഷയിലുള്ള വേദപുസ്തകം മനസ്സിലാക്കുവാൻ വിദ്യാഭ്യാസമുള്ള ഹഡോത്തികൾക്കു മാത്രമേ സാധിക്കുകയുള്ളു.



**കു**ന്നും കുഴിയും നിറഞ്ഞതും ഏറെക്കുറെ ശൂന്യവുമാണ് രാജസ്ഥാനിലെ ഈ ദക്ഷിണ മരുപ്രദേശം. ചക്രവാള സീമയെ ഖണ്ഡിക്കാൻ ചില വൃക്ഷങ്ങളും ആകാശത്തിനു നേരെ ഉയർന്നു നിൽക്കുന്ന മലകളുമാണ് ഇവിടെ ഉള്ളത്. തിരക്കും ബഹളവുമുള്ള കടകൾക്കും തരിശായ സമതലങ്ങൾക്കും ഇടയിൽ പഴയകൊട്ടാരങ്ങൾ നിലകൊള്ളുന്നു. ദീർഘമായ ഒരു രാജകീയ ചരിത്രത്തിന്റെ അവശിഷ്ടങ്ങൾ ഹഡോത്തി പ്രദേശത്തുടനീളം കാണപ്പെടുന്നു.

ഹഡോത്തി ജനങ്ങൾ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നവരാണ്. കടുംനിറത്തിലുള്ള വസ്ത്രങ്ങൾ അണിയുന്ന സ്ത്രീകൾ വളകളും, നെക്ക്ലെസുകളും കൊണ്ട് അവർ തങ്ങളത്തന്നെ അലങ്കരിക്കുന്നു. അവരുടെ കാൽവിരൽ പോലും തിളങ്ങുന്ന മോതിരങ്ങളാൽ അലങ്കരിക്കപ്പെട്ടവയാണ്. പുരുഷന്മാർ ധോത്തിയാണ് ധരിക്കുന്നത്. അതോടൊപ്പം ശ്രദ്ധയോടെ കെട്ടിവെച്ച തലക്കെട്ടിന്റെ ഒരറ്റം പിറകിലേക്കു നീണ്ടു കിടക്കുന്ന വിധത്തിൽ അണിയുന്നു.

വ്യത്യസ്തരായ ജനവിഭാഗങ്ങൾ സംസാരിക്കുന്ന ഒരു ഭാഷയാണ് ഹഡോത്തി. ഹഡോത്തി ഭാഷ സംസാരിക്കുന്ന പ്രധാനപ്പെട്ട വിഭാഗമാണ് പട്ടികവർഗ്ഗത്തിൽപെട്ട 'മീണ'കൾ. ഈ പ്രദേശത്തിന്റെ ഭരണകർത്താക്കളായിരുന്നു ഇവർ. ഏകദേശം 800 വർഷങ്ങൾക്കു മുൻപ് 'ഹഡ' വംശജർ മീണകളെ ആക്രമിച്ച് ഈ പ്രദേശം കൈയടക്കി. ബ്രിട്ടീഷുകാരുടെ ആഗമനം വരെ ഇവരായിരുന്നു ഹഡോത്തി പ്രദേശത്തെ അടക്കിഭരിച്ചിരുന്നത്. പിന്നീട് ഇത് സ്വതന്ത്രഭാരതത്തിന്റെ ഭാഗമായി. നൂറ്റാണ്ടുകളായി, വിദ്യാഭ്യാസത്തിനു ഹഡോത്തി സംസ്കാരം മൂല്യം കല്പിക്കുന്നു. ഹൈന്ദവവേദങ്ങളുടെ പരിപോഷണത്തിനായി ആദ്യ കാലത്തുതന്നെ വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്നു. രാജാക്കന്മാർ സാഹിത്യത്തെ പോഷിപ്പിച്ചിരുന്നു. പുരാതനകാലത്ത് ജ്യോതിഷം, മരുന്നുകൾ, വൈദ്യശുശ്രൂഷ എന്നിവയെ ആധാരമാക്കി എഴുതപ്പെട്ട ഗ്രന്ഥങ്ങളും ഇതിഹാസങ്ങളിൽ പലതും ഇപ്പോഴും ലഭ്യമാണ്. ഇന്നും ഹഡോത്തി ഭാഷാ ജനസമൂഹം ശക്തമായി വിദ്യാഭ്യാസരംഗത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ മാധ്യമം ഹിന്ദിയായതിനാൽ ഒരു കാലത്ത് സ്കൂൾ കുട്ടികൾക്കിത് ബുദ്ധിമുട്ടായിരുന്നു. എന്നിരുന്നാലും ഹഡോത്തി ഭാഷക്കാർ തങ്ങളുടെ മാതൃഭാഷയെ അഭിമാനത്തോടെ കാണുന്നു.

പാടങ്ങളിലൂടെയുള്ള ഊടുവഴികളിലൂടെ ഗ്രാമങ്ങളിലേക്കു പോകുമ്പോൾ വളരെ ശ്രദ്ധാപൂർവ്വം നാട്ടിയിരിക്കുന്ന കല്ലുകൾ കാണാം. ഈ കല്ലുകൾ വിളവിനെയും നാടിനെയും സംരക്ഷിക്കുന്ന ദൈവത്തിന്റെ പ്രതീകമാണ്.

ഹഡോത്തികൾക്കിടയിൽ ക്രിസ്ത്യാനികൾ വിരളമാണ്. എണ്ണത്തിൽ കുറവായ സഭകളാകട്ടെ നഗരങ്ങളിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ സഭകളിലെ അംഗങ്ങളിൽ ഭൂരിഭാഗവും തെക്കെ ഇന്ത്യയിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും കുടിയേറി പാർത്തവരുമാണ്.

സംസ്ഥാനത്തിലെ ഔദ്യോഗികഭാഷ ഹിന്ദിയാണെങ്കിലും ഹഡോത്തി ഭാഷയ്ക്കാണ് ഇവർക്കിടയിൽ പ്രാധാന്യം. ഹിന്ദി ഭാഷയിലുള്ള വേദപുസ്തകം മനസ്സിലാക്കുവാൻ വിദ്യാഭ്യാസമുള്ള ഹഡോത്തികൾക്കു മാത്രമേ സാധിക്കുകയുള്ളു.

### പ്രാർത്ഥനയ്ക്കായി

- ദൈവവചനാടിസ്ഥാനത്തിൽ സംസ്കാരത്തിനനുയോജ്യമായി തിരുവചനം ഹഡോത്തി ഭാഷാപ്രദേശങ്ങളിൽ അറിയിക്കപ്പെടേണ്ടതിന് തന്റെ ദൂതുവാഹകരെ ദൈവം എഴുന്നേല്പിക്കേണ്ടതിനായി...
- ഹഡോത്തി ഭാഷയിലേക്ക് ദൈവവചനം പരിഭാഷപ്പെടുത്തുന്നതിന് വഴികൾ തുറക്കപ്പെടുവാൻ
- ചുരുക്കമായ ഹഡോത്തി ക്രൈസ്തവർ വിശ്വാസത്തിൽ ഉറച്ച് നില്‌ക്കേണ്ടതിനും, തങ്ങളറിഞ്ഞസത്യത്തെ സമൂഹത്തോട് പങ്കുവയ്ക്കേണ്ടതിനും...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

## വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ബംഗാൾ കാമ്പയിൻ

# കൽക്കട്ടയിലെ ചേരികളിൽ...

**"നങ്കൽ ബേഡിയ" എന്ന ഗ്രാമത്തിൽ ഒരു ആശാരി ബൈബിൾ ആവശ്യപ്പെട്ടു സഹോദരന്മാരെ സമീപിച്ചു. അത് കൊടുത്തപ്പോൾ പെട്ടെന്ന് അത് കയ്യിൽ വാങ്ങാതെ പോയി കൈയ്യും കാലും കഴുകി തുടച്ച് വന്ന് ഇരുകരവും നീട്ടി ഭയഭക്തിയോടെ വാങ്ങിയത് ഞങ്ങളെ ആശ്ചര്യപ്പെടുത്തി.**

**കൽക്കട്ട:** ഫെബ്രുവരി മാസത്തെ പ്രവർത്തനം വിശാലമായ കൽക്കട്ട നഗരത്തിന്റെ ഒരു ഭാഗമായ കസ്ബയിലും സമീപ പ്രദേശങ്ങളിലുമാണ് നടന്നത്. ഞങ്ങൾ കടന്നുചെന്ന ഗ്രാമങ്ങളിലെല്ലാം എതിർപ്പൊന്നും കൂടാതെ വളരെ ആശ്ചര്യത്തോടെ ജനങ്ങൾ വചനം ശ്രദ്ധിക്കുന്നതു കാണാനായി. ഏകദേശം പത്തിലധികം ചേരിപ്രദേശങ്ങളിൽ കടന്നുചെന്ന് പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്തു. "നങ്കൽ ബേഡിയ" എന്ന ഗ്രാമത്തിൽ ഒരു ആശാരി ബൈബിൾ ആവശ്യ



പ്പെട്ടു സഹോദരന്മാരെ സമീപിച്ചു. അത് കൊടുത്തപ്പോൾ പെട്ടെന്ന് അത് കയ്യിൽ വാങ്ങാതെ പോയി കൈയ്യും കാലും കഴുകി തുടച്ച് വന്ന് ഇരുകരവും നീട്ടി ഭയഭക്തിയോടെ വാങ്ങിയത് ഞങ്ങളെ ആശ്ചര്യപ്പെടുത്തി. നാം പലപ്പോഴും എത്രയോ അശ്രദ്ധയോടെയാണ് വേദപുസ്തകം കൈകാര്യം ചെയ്യുന്നതെന്ന് ഓർത്തുപോയി.

വളരെ ഇടുങ്ങിയതും കുണ്ടും കുഴിയും നിറഞ്ഞതുമായ റോഡുകളാണ് മിക്ക ഗ്രാമങ്ങളിലും ഉള്ളത്. പരിമിതമായ വികസനം മാത്രമാണ് പലഗ്രാമങ്ങളിലും. അല്പ വസ്ത്രധാരികളായ ധാരാളം കുട്ടികളെ എല്ലാ ഗ്രാമങ്ങളിലും കാണാം. ദിവസവും മുപ്പതും, നാല്പതും കിലോമീറ്ററുകൾ യാത്ര ചെയ്താണ് പല ഗ്രാമങ്ങളിലും ഞങ്ങൾ എത്തുന്നത്. ഒരു പ്രാവശ്യം പോലും കർത്താവിനെക്കുറിച്ച് കേട്ടിട്ടില്ലാത്തതും അടുത്തകാലത്ത് ഇനിയും കേൾക്കാൻ സാധ്യതയില്ലാത്തതുമായ ഗ്രാമങ്ങളാണ് പലതും. കാരണം, സമീപ സ്ഥലങ്ങളിലെങ്ങും വിശ്വാസികളോ സ്ഥലം സഭകളോ ഇല്ല. ഇപ്പോഴുള്ള ഒരു സാധ്യത, ടീം ഇപ്പോൾ താമസിക്കുന്ന കസ്ബയിൽ നിന്നും ഇത്രയും ദൂരം യാത്ര ചെയ്ത് സഹോദരൻ പോൾ വർഗീസ് തുടർപ്രവർത്തനങ്ങൾ നടത്തണം. എന്നാൽ നല്ല ഒരു സ്ഥലം സഭയും അവിടെ തുടർമാനമായ പ്രവർത്തനങ്ങളും സഹോദരന് ഉള്ളതിനാൽ അത് തികച്ചും ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്.

ഇതുപോലെ പ്രവർത്തന സാദ്ധ്യതകളുള്ള അനേകം സ്ഥലങ്ങൾ ബംഗാളിൽ ഉണ്ട്. ഇതുവരെയും കാര്യമായ എതിർപ്പുകളൊന്നും എങ്ങുമില്ല. ആത്മഭാരവും സമർപ്പണവുമുള്ള വേലക്കാരെ ബംഗാളിലേക്ക് ദൈവത്തിന് ആവശ്യമുണ്ട്. കൊയ്ത്ത് ഇനിയും വളരെ ഉണ്ട് എന്നാൽ വേലക്കാരോ ചുരുക്കം. ആകയാൽ പ്രിയ ദൈവജനമേ കൊയ്ത്തിന്റെ യജമാനനോട് നമുക്ക് പ്രാർത്ഥിക്കാം.

ഏകദേശം ഒരാഴ്ച ഞങ്ങളോടു കൂടെ ടീമിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 'മിലൻ സാനാ'എന്ന 23 വയസ്സുള്ള സഹോദരനെ ഓർത്ത് പ്രാർത്ഥിക്കുക. പുതിയ ഒരു ജോലി ആവശ്യത്തിനായി പോൾ വർഗീസ് സഹോദരനെ കാണാൻ വന്നപ്പോഴാണ് ഇദ്ദേഹത്തെ പരിചയപ്പെട്ടത്. ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിലേക്കു വന്ന സഹോദരൻ വളരെ ആത്മിക സന്തോഷം അനുഭവിക്കുന്നവനും സമർപ്പണമുള്ളയാളും ആണെന്ന് മനസിലാക്കിയപ്പോൾ ടീമിൽ ചേർന്ന് പ്രവർത്തിക്കുവാനായി ക്ഷണിച്ചു. ഒരാഴ്ചക്കാലം ഒന്നിച്ചു പ്രവർത്തിക്കുവാനും താമസിക്കുവാനും ഇടയായപ്പോൾ കർത്താവ് തന്നെ പൂർണ്ണ സമയം വേലയ്ക്കായി വിളിച്ചു എന്ന് ബോധ്യമാകയും അത് അംഗീകരിക്കുവാനും പ്രിയ സഹോദരന് സാധിച്ചു. തന്റെ കുടുംബത്തിൽ ഒരു സഹോദരനും സഹോദരിയും വിശ്വാസത്തിലാണ്.



ഫെബ്രുവരി 5 മുതലുള്ള 20 ദിവസത്തെ പ്രവർത്തനങ്ങളിൽ ഏകദേശം 180 സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. കൂടാതെ 15 ചേരി പ്രദേശങ്ങളിൽ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്തു. 40 ൽ അധികം സമ്പൂർണ്ണ ബൈബിളുകളും 1000 ൽ പരം പുതിയനിയമ പ്രതികളും 17000 ൽ അധികം ട്രാക്റ്റുകളും ഈ ദിവസങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. ദൈവം വചനത്തിന്മേൽ മഞ്ഞും മഴയും അയച്ച് ഫലം ഉളവാക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞ ഒരു മാസം ടീം താമസിച്ചത് റൂബി ഹോസ്പിറ്റലിനു സമീപമുള്ള കസ്ബ ബ്രദറൺ അസംബ്ലിഹാളിലാണ്. വിശാലമായ ഹോളും അതിന്റെ എല്ലാ സംവിധാനങ്ങളും തികച്ചും സൗജന്യമായി തന്നത് സഹോദരന്മാർക്കും ഇവിടെ നടന്ന പ്രവർത്തനങ്ങൾക്കും വളരെ അനുഗ്രഹകരമായി. തുടർന്നും ഈ സ്ഥലംസഭയേയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കണമേ.

മാർച്ച് മാസത്തിലെ പ്രവർത്തനം ഹൗറ ജില്ലയിലാണ് നടക്കേണ്ടത്. അവിടെ അമിത് അധികാരി എന്ന സുവിശേഷകനാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. മാർച്ച് ഒന്നിന് രാത്രി തന്നെ ടീം ഹൗറയിലേക്ക് ഷിഫ്റ്റ് ചെയ്തു. സഹോദരൻ പോൾ വർഗീസ് ഞങ്ങളോടൊപ്പം വന്ന് പുതിയ താമസസ്ഥലത്ത് ഞങ്ങളെ എത്തിച്ച് മടങ്ങിപ്പോയി.

ഫെബ്രുവരി 25 ന് തന്നെ പുതിയ ടീം ലീഡർ, എം.എസ്. സന്തോഷ് പോത്താനിക്കാട് എത്തിച്ചേർന്നിരുന്നു. മറ്റ് സഹോദരന്മാരായ ജോബി ജെയിംസ് കണമല, ജോസഫ് പി. ലൂക്കോസ് പാലക്കാട്, എം.റ്റി ജോസഫ് തൃശ്ശൂർ എന്നിവർ ചൊവ്വ ഉച്ചയോടെ എത്തിച്ചേർന്നു. ബംഗാൾ കാമ്പയിൻ കോ. ഓർഡിനേറ്ററായി ബംഗാളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സുവി. സാമുവേൽ ദാസിന്റെ നേതൃത്വത്തിൽ സഹോദരന്മാരെ സ്വീകരിച്ചു. 4-ാം തീയതി തന്നെ പുതിയ ടീമിന്റെ പ്രവർത്തനം ഹൗറയിൽ ആരംഭിച്ചു. മുൻ ടീം അംഗങ്ങളായ സഹോദരന്മാർ മാർച്ച് 4-ന് രാത്രിയുള്ള ഗോഹട്ടി- തിരുവനന്തപുരം ട്രെയിനിൽ നാട്ടിലേക്ക് മടങ്ങി. തുടർന്നും ബംഗാളിലെ വൈ.എം.ഇ.എഫ് ടീമിന്റെ പ്രവർത്തനങ്ങളെ നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം.

ബിജു വർഗീസ് (9744521374)



വന്ന വഴികൾ – 20

# കൊല്ലത്തെ കൂട്ടായ്മ

ഇ.ജെ. പൈലി, അങ്കമാലി

**ബ്രദർ സാക്ക് പുന്നൻ വളരെ ഉത്സാഹിയായി നമ്മുടെ സഭയിൽ ചേർന്ന് പ്രയോജനകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. പിന്നീട് താൻ നമ്മുടെ സഭാബന്ധം വിട്ടത് ദുഃഖത്തോടെ ഓർക്കുന്നു.**

**1960** ആഗസ്റ്റിൽ ഒരു മാസക്കാലം മാത്രമായിരുന്നു കൊല്ലത്തു ചെലവഴിച്ചതെങ്കിലും അവിടെയുള്ള ദൈവജനവുമായി ഹൃദ്യമായ കൂട്ടായ്മ അനുഭവിക്കാൻ സാധിച്ചു. കെ.എൻ. നൈനാപിള്ള സഹോദരന്റെ ഭവനത്തിൽ വച്ച് ശനിയാഴ്ചകളിൽ നടന്നുവന്ന പ്രാർത്ഥനായോഗത്തിൽ ധാരാളം കോളേജ് വിദ്യാർത്ഥികൾ സംബന്ധിച്ചിരുന്നു. ബ്രദർ സാം സി. സാം, ജോഷ്വാ എന്നിവരെ ഓർക്കുന്നു. പതിവായി ഞാനും ആ കൂടിവരവിൽ സംബന്ധിപ്പാനും വലിയ ആത്മിക സന്തോഷമനുഭവിപ്പാനുമിടയായി. കൊല്ലം പട്ടണത്തിന്റെ തെരുവുകളിൽ നൈനാപിള്ളയും ചെറുപ്പക്കാരായ ചിലരുമൊരുമിച്ച് എനിക്കും പരസ്യമായി കർത്താവിനെ സാക്ഷിപ്പാൻ അവസരങ്ങൾ ലഭിച്ചു. കേൾവിക്കാരെ ആകർഷിപ്പാൻ നൈനാപിള്ളയ്ക്ക് പ്രത്യേക കൃപാവരമുണ്ടായിരുന്നു. ലജ്ജിക്കാതെ കോളേജ് വിദ്യാർത്ഥികളും മറ്റു ചെറുപ്പക്കാരും ആ പരസ്യയോഗങ്ങളിൽ സംബന്ധിച്ചിരുന്നതോർക്കുന്നു. ഒരു മാസത്തിനു ശേഷം യാത്ര പറഞ്ഞത് വേദനയോടെയായിരുന്നു.




തിരികെ എറണാകുളത്തു ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് 10 ദിവസം joining time ലഭിച്ചു. വിലപ്പെട്ട ആ പത്തു ദിവസങ്ങൾ കൊണ്ട് ഒരു ഇംഗ്ലീഷ് പുസ്തകത്തിന്റെ പരിഭാഷ നിർവഹിപ്പാൻ കർത്താവ് ബലപ്പെടുത്തി Norman Lewis ന്റെ Go ye means you എന്ന പുസ്തകമായിരുന്നു അത്. തർജ്ജമ പൂർത്തിയാക്കി അങ്കമാലി ഇവാൻജലിക്കൽ പബ്ലിക്കേഷന്റെ ചുമതലയിൽ 1966 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. അന്ന് പുസ്തകവില ഒരു രൂപയായിരുന്നു. ബ്രദർ ഇ.പി. വർഗീസ് പുസ്തകത്തിന് എഴുതിയ അവതാരികയിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "കുറ്റബോധവും ഹൃദയതകർച്ചയും ഇതു വായിക്കുന്നവരിൽ ഉണ്ടാകുമെന്നാണ് എന്റെ സ്വന്ത അനുഭവത്തിൽ നിന്നും പറയാവുന്നത്. ദൈവസന്നിധിയിൽ വിനയപ്പെടുന്നതിനും, ഏറ്റു പറയുന്നതിനും സമർപ്പിക്കുന്നതിനും ഈ പുസ്തകം എനിക്കിടയാക്കിയിട്ടുണ്ട്." ഒന്നാം പതിപ്പ് 1000 കോപ്പികളാണ് പ്രസിദ്ധീകരിച്ചതെന്നാണ് ഓർമ്മ. ബ്രദർ തോമസ് മത്തായിയുടെ (ഒ.എം) ഉത്സാഹത്തിൽ ഈ പുസ്തകത്തിന്റെ രണ്ടും മൂന്നും നാലും പതിപ്പുകളും പ്രസിദ്ധീകരിച്ചു. അനേകായിരം കോപ്പികൾ പ്രചരിക്കുന്നതിനിടയായി. ഈ പുസ്തകം വായിച്ച് സുവിശേഷവേലയ്ക്കായി തങ്ങളേത്തന്നെ സമർപ്പിച്ചതായി പല യുവാക്കന്മാർ സാക്ഷ്യം പറഞ്ഞ കാര്യം ഇ.യു. വിന്റെ ഒരു പ്രവർത്തകൻ പറയുകണ്ടായി. ദൈവത്തിനു മഹത്വം. 'നിങ്ങൾ പോകുവിൻ' എന്ന പേരിൽ ഉള്ള Norman Lewis ന്റെ ഈ ഗ്രന്ഥം എല്ലാവരും വായിച്ചിരിക്കേണ്ടതാണ്. സുവിശേഷവേലയ്ക്കായി അദ്ദേഹം നല്കുന്ന അതിശക്തമായ സന്ദേശം ഏതൊരു ഹൃദയത്തേയും ചലിപ്പിക്കുവാൻ മതിയാകും.

പിന്നീട് എറണാകുളത്തായിരുന്നു താമസം. അന്ന് എറണാകുളത്ത് ഒരു സഭ മാത്രമാണുണ്ടായിരുന്നത്. എന്റെ ജ്യേഷ്ഠൻ ഇ.വി. ജോണിന്റെ ഭവനത്തിൽ വച്ചായിരുന്നു സഭായോഗവും ബൈബിൾ ക്ലാസ്സും. വളരെ സജീവമായ ഒരു സഭ. കെ.ജി. കുരിയാച്ചൻ അവിടെ കുടുംബമായി താമസിച്ചിരുന്നു. സഭാകാര്യങ്ങളിൽ ചുമതല വഹിച്ചിരുന്ന കെ.ജി. കുര്യൻ, ഇ.വി. ജോൺ, എ.ഡി. ജോൺ, എം.വി. മാത്യൂസ് മുതലായവരെല്ലാം തിരശീലക്കപ്പുറത്തു പ്രവേശിച്ചു. നേവിക്കാരുടെയിടയിൽ നല്ല പ്രവർത്തനം നടന്നിരുന്ന കാലം 1966 ജനുവരി 17-ന് എറണാകുളം സൗത്തിൽ കുരിയാച്ചൻ സഭാഹോളിന് തറക്കല്ലിട്ടു. ആ ഹോളാണ് ഇപ്പോൾ പൊളിച്ച് പുതിയത് പണിവാൻ പോകുന്നത്.

ബ്രദർ സാക്ക് പുന്നൻ വളരെ ഉത്സാഹിയായി നമ്മുടെ സഭയിൽ ചേർന്ന് പ്രയോജനകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. പിന്നീട് താൻ നമ്മുടെ സഭാബന്ധം വിട്ടത് ദുഃഖത്തോടെ ഓർക്കുന്നു. പട്ടണത്തിന്റെ ചല ഭാഗങ്ങളിൽ, അവധി ദിവസം, എ.ഡി. ജോൺ, പി.പി. ജോൺ, സാമുവേൽ, തോമസ് എന്നീ സഹോദരന്മാരുമൊരുമിച്ച് ഭവനസന്ദർശനത്തിനു പോയി അനുഗ്രഹിക്കപ്പെട്ട വേല നടന്നു. സുവിശേഷം വിവിധ നിലകളിൽ (ട്രാക്റ്റ് വിതരണം, പുസ്തക വില്പന) അറിയിക്കാനും അതിൽ കൂടെ വലിയ ആത്മിക സന്തോഷം അനുഭവിപ്പാനും കഴിഞ്ഞ ദിവസങ്ങൾ!

1966 ഫെബ്രുവരിയിൽ ഒ.എം. ടീം കൊച്ചിയിൽ വരികയും മട്ടാഞ്ചേരിയിൽ അനുഗ്രഹിക്കപ്പെട്ട യോഗങ്ങൾ നടക്കുന്നതിനുമിടയായി. ഫ്രാങ്ക് ഡിറ്റ്സ് നേതൃത്വം കൊടുത്ത ടീമിൽ റേലഞ്ച് മുതലായി വിദേശികളുടെ ഒരു കൂട്ടം ചെറുപ്പക്കാരുണ്ടായിരുന്നു. ഒ.എം. ടീമിന്റെ ഭാരതത്തിലെ പ്രവർത്തനത്തിന്റെ ആരംഭ ദിവസങ്ങളായിരുന്നു അത്. കർത്താവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിജ്വലിക്കുന്ന ഹൃദയങ്ങളും സുവിശേഷമറിയിക്കുവാൻ അടങ്ങാത്ത ആവേശവും ഉള്ള ഒരു കൂട്ടം ചെറുപ്പക്കാർ. അവരൊരുമിച്ച് ചില ദിവസങ്ങൾ പ്രവർത്തിച്ചപ്പോൾ കൊച്ചിയിലുണ്ടായിരുന്ന ദാനിയേൽ വില്യംസിന്റെയും എന്റെയും ഹൃദയങ്ങളിൽ സ്വർഗ്ഗീയാഗ്നി കത്തിജ്വലിച്ചു. റേലഞ്ച് എന്ന മിഷനറി പ്രസംഗമധ്യേ വേദിയിൽ നിന്നും താഴേക്ക് എടുത്തു ചാടിയത് ഓർക്കുന്നു. അത്രയ്ക്കായിരുന്നു അവരുടെ ആവേശം. കർത്താവിനുവേണ്ടി എന്തു ത്യാഗവും സഹിപ്പാൻ തയ്യാറായി ഇറങ്ങിത്തിരിച്ചവരായിരുന്നു അവർ. പഴഞ്ചൻ ട്രക്കുകൾ റിപ്പയർ ചെയ്തെടുത്ത് അവർ ഉപയോഗിക്കുകയായിരുന്നു. അതിൽ യാത്രചെയ്തപ്പോഴാണ് ദീർഘദൂരമുള്ള അവരുടെ യാത്ര എത്ര ക്ലേശകരമാണെന്ന് ബോധ്യപ്പെട്ടത്. ഞങ്ങളുടെ ഹൃദയങ്ങളിൽ ദൈവാത്മാവ് പ്രവർത്തിച്ചതിനേപ്പറ്റി അടുത്തതിൽ പറയാം...

## നോർമൻ ലേവീസിന്റെ 'നിങ്ങൾ പോകുവിൻ' എന്ന ഗ്രന്ഥത്തിൽ നിന്ന് ചില ഉദ്ധരണികൾ:




"ഒരിക്കലും സുവിശേഷം കേട്ടിട്ടില്ലാത്ത ഒരാൾക്ക് രക്ഷിക്കപ്പെടാൻ കഴിയുമോ എന്നു ചിലർ ചോദിക്കാറുണ്ട്. നശിച്ചുപോകുന്നവരോട് സുവിശേഷമറിയിച്ചിട്ടില്ലാത്ത ഒരാൾക്ക് രക്ഷിക്കപ്പെടുവാൻ കഴിയുമോ എന്നു ചോദിക്കുന്നതാണ് ഭേദം. മറ്റുള്ളവർ ക്രിസ്തുവിനേക്കൂടാതെ നശിച്ചു പോകുന്നു എന്നറിയുകയും അതിന്റെ മുമ്പിൽ ഹൃദയം അടച്ചുവയ്ക്കുകയും ചെയ്യുന്ന ഒരാളെപ്പറ്റി മറ്റെന്താണ് പറയേണ്ടത്?"

"1955 – ൽ കോസ്റ്ററിക്കയിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് ഞാൻ വിമാനത്തിൽ യാത്ര ചെയ്കയായിരുന്നു. ഹൊണ്ടുരാസിൽ വച്ച് ഒരു കച്ചവടക്കാരനും വിമാനത്തിൽ കയറി. ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. അയാൾ പല വർഷങ്ങളായി ദീർഘദൂരം അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹത്തിന്റെ കുടുംബം ലൂസിയാനയിലും കച്ചവടം വളരെ അകലെയുമുള്ള ഹോണ്ടുരാസിലുമായിരുന്നു. എത്ര ത്യാഗസമ്പൂർണ്ണമായ ജീവിതം! ഞാനോർത്തു. എന്തു പ്രതികൂലവും അഭിമുഖീകരിക്കുവാൻ ആ കച്ചവടക്കാരൻ ഒരുക്കമാണ്. എന്തിനുവേണ്ടി? പണമുണ്ടാക്കാൻ. വിശ്വാസികളേ, ലോകമനുഷ്യർ നമ്മെ ലജ്ജിപ്പിക്കും. ദൈവത്തിനു വേണ്ടി നാം സ്വമേധയാ ചെയ്യുവാൻ മടിക്കുന്ന കാര്യങ്ങൾ പണത്തിനു വേണ്ടി ചെയ്യുവാൻ ലോക മനുഷ്യർ ഒരുക്കമാണ്."

"മെതോഡിസത്തിന്റെ പ്രാരംഭകാലത്തെ പ്രസംഗകന്മാരിലൊരാളാണ് ഗിദെയോൻ ഔസ്‌ലേം. പ്രസംഗവേലയ്ക്കായി താൻ വിളിക്കപ്പെട്ടപ്പോൾ തന്നോട് ഇങ്ങനെ ഒരു ശബ്ദം സംസാരിക്കുന്നതു കേട്ടതായി അദ്ദേഹം പറയുന്നു, ഗിദെയോനെ, പോയി എന്റെ സുവിശേഷം പ്രസംഗിക്കുക. ഗിദെയോൻ പറഞ്ഞു: ഞാൻ ബാലൻ മാത്രമാണ്; എനിക്ക് കഴികയില്ല. ആ ശബ്ദം വീണ്ടും ചോദിച്ചു. ഗിദെയോനെ, രോഗമെന്നാൽ എന്താണെന്നറിയാമോ? എനിക്കറിയാം കർത്താവേ എന്ന് മറുപടി കൊടുത്തു. ഗിദെയോനെ, രോഗത്തിനുള്ള മരുന്നെന്താണെന്നറിയാമോ? അദ്ദേഹം പറഞ്ഞു: എനിക്കറിയാം, കർത്താവേ. ആ ശബ്ദം ആജ്ഞാപിച്ചു രോഗമെന്താണെന്നും മരുന്നെന്താണെന്നും പോയി പറയുക: ബാക്കിയെല്ലാം നിസ്സാരമാണ്."

---

**ചിരിയും ചിന്തയും**

# പരിജ്ഞാനം

പി.വി. സന്തോഷ്, വയനാട്



**ക**ശാപ്പുകാരൻ കുഞ്ഞാപ്പി രക്ഷിക്കപ്പെട്ടു. സൗകര്യം കിട്ടുമ്പോഴൊക്കെ കടയിൽ ഇറച്ചി വാങ്ങുവാൻ വരുന്നവരോട് സുവിശേഷം പറയണമെന്നും ട്രാക്റ്റുകൾ കൊടുക്കണമെന്നും തീരുമാനമെടുത്തു. ഒരു ദിവസം രാവിലെ ഒരാൾ ഇറച്ചി വാങ്ങാൻ കുഞ്ഞാപ്പിയുടെ കടയിൽ എത്തി. ഈ സമയം അയാൾ കശാപ്പുകത്തി തേച്ച് മൂർച്ച കൂട്ടുകയായിരുന്നു. മിനുക്കിയ കത്തി കയ്യിലുയർത്തി കുഞ്ഞാപ്പി ആവേശത്തോടെ അയാളോടു ചോദിച്ചു: "സ്നേഹിതാ... നിനക്കു മരിക്കാൻ ഭയമുണ്ടോ? ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത എവിടെ ചെലവഴിക്കും?"

അയാളാകട്ടെ കേട്ട പാതി ഭയന്ന് ഓടി. കുഞ്ഞാപ്പി കത്തിയും ട്രാക്റ്റുമായി പിറകെ ഓടി: "നിൽക്ക്... നിൽക്കവിടെ..." അയാൾ തിരിഞ്ഞു നോക്കാതെ കൂടുതൽ വേഗത്തിൽ ഓടി. നാട്ടുകാർ കൂട്ടമായി പിറകെ ഓടി. കുഞ്ഞാപ്പിയെ പിടിച്ചു കാര്യം തിരക്കി: "ഞാൻ സുവിശേഷം പറയുവാനും ഈ ട്രാക്റ്റ് കൊടുക്കുവാനും അയാടെ പിറകെ ഓടിയതാണ്."

സുവിശേഷം അറിയിക്കുവാനുള്ള തീക്ഷ്ണത നല്ലതാണെങ്കിലും പരിജ്ഞാന പ്രകാരമല്ലായ്കയാൽ ഫലം തഥൈവ!

**വാലറ്റം:** "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു" (ഹോശേയ 4:6)

"പിന്നത്തേതിൽ നീ ജ്ഞാനിയാകേണ്ടതിന് ആലോചന കേട്ടു പ്രബോധനം കൈക്കൊൾക"

(സദൃശ. 19:20)

---

ഗാനം

# ചോദ്യം??

കെ.വി. ജയിംസ്, മുണ്ടക്കയം

**ക**ർത്തൻ യേശുവിൻ നാമത്തിൽ കൂടുവിൻ സഹജരെ
സ്വർഗ്ഗീയ മണവാട്ടിയായ് (2)

കാന്തനെഴുന്നെള്ളാറായ് മണവാളൻ വരാറായ്
നീയും ഒരുങ്ങിയിട്ടുണ്ടോ സോദരാ? (2)
സഭയാം കാന്തയെ ചേർത്തിടും നേരത്ത്
നീയും കണ്ടീടുമോ സോദരാ? (2) (കർത്തൻ....)

കള്ളൻ വരുന്നപോലെ കർത്തൻ വെളിപ്പെടുമ്പോൾ
നീയും ഉറങ്ങീടുമോ സോദരാ? (2)
ബുദ്ധിയുള്ള കന്യകമാരെപ്പോൽ
നീയും ഉണർന്നിരിക്കുമോ സോദരാ? (2) (കർത്തൻ....)

യജമാനൻ നൽകിയ താലന്തുകൾ നീ
കുഴിച്ചിട്ടുവോ സോദരാ? (2)
നല്ലവനാമെൻ വിശ്വസ്ത ദാസൻ എന്ന്
പേർ ലഭിച്ചീടുമോ സോദരാ? (2) (കർത്തൻ....)

കർത്തനൊരുക്കിടുന്ന പുത്തനെരുശലേമിൽ
നീയും കണ്ടിടുമോ സോദരാ? (2)
ക്രിസ്തുയേശുവിൻ രക്തത്താൽ നീയും
കഴുകപ്പെട്ടുവോ സോദരാ? (2) (കർത്തൻ....)

# BRETHREN BIBLE INSTITUTE

**Pathanamthitta, Kerala**

**ADMISSION NOTICE**

**A. RESIDENTIAL PROGRAMMES**

Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 24th April, 2015.

**1. B.Th. Programme**: BBI offers a three year Bachelor of Theology programme in English medium. Those who have passed Pre-degree/Plus Two/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a two year Bible School training in English medium after passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases Plus Two failed candidates also will be considered for auditing this course. There is no fee for this programme.

**2. P.G. Programmes (M.B.S., M.Div. & M.Th.)**: BBI offers a two year residential Master in Biblical Studies (M.B.S) programme, a two year residential Master of Divinity (M.Div.) programme and a three year residential Master of Theology (M.Th.) programme. Those who have passed B.Th. or its equivalent with C+ (75% Marks) may apply for these programmes. Those who have passed a secular degree with a second class may also apply for the P.G. programmes. There is a nominal fee for these programmes.

**B. COURSES OFFERED THROUGH DISTANCE EDUCATION**

Applications are invited from born again believers (both male & female) for admission to the following Distance Education courses. Application forms can be submitted round the year.

**1. M.B.S.** Qualification: A secular degree in any field OR Mature candidates (25 years and above) without a secular degree can be admitted after passing an entrance examination in the following areas. i. Bible Knowledge, ii. Christian Experience, iii. Proficiency in English Language; Duration: 2 years

**2. M.Div.** Qualification: A Bachelors Degree in Theology, or a secular Bachelors Degree with theological education. Duration: 2/3 years

**3. M.Th.** Qualification: B.D. / M.B.S./ M.Div./ a Secular Master's degree/a Professional Degree with good academic records. Duration: 2/2/2/4/4 years

All courses are offered only in English medium. Prospectus and application forms can be had from the REGISTRAR, BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA, INDIA - 689 645 by paying rupees 100 by means of M.O. Those from abroad need to send rupees 150 by crossed demand draft in favour of "Brethren Bible Institute," Pathanamthitta. Prospectus and Application forms can be down loaded from our web site <www.bbipta.com>. The last date for submitting the application for the residential programme is April 5, 2015. Application forms can be submitted round the year for the Distance Education courses. For more information contact Academic Dean. Mob. +91-9447265500, bbipathanamthitta@gmail.com or 0468-2224045 (O.T. Cheriyan, Secretary).

# ARE WE SHOW OFF CHRISTIANS?

JITHIN SAM JACOB, KOIPURAM

*From Monday to Saturday, we behave like worldly people and on Sunday we behave like true children of God.*

This topic may sound weird, but as we look around the people near us, we get a feeling that this is right. There are many people who feel that they are something bigger than even God. Some of them behave like big people. Some have big cars, lots of money. Some don't have anything. But when they all come together in church, they all behave in such a way that they all are truly good children of God. When I write this article, I am not criticizing anybody but we who believe that Jesus Christ died for us and we are the people going to heaven, we should know that God does not look to our outward life, but our hearts. We always see outward life, how well we are dressed, how much is the bank balance, which brand of car we are driving? From Monday to Saturday, we behave like worldly people and on Sunday we behave like true children of God.

My question to you is that whom are we cheating? Or let me put this way, "whom are we showing off?" Is it to the people sitting next to us in the church or to the people staying near to our home or to our Lord and Savior Jesus Christ? As it is said in 1 Corinthians 10: 31 are we doing everything for the glory of God? Are we showing off to the people living around us? When we sit in the church, we sing songs; hear from the word of God. We behave like good children of God. Let us pray that we may not be mere hearers of the word of God, but help us to follow it in our lives. So are we show off Christians? It is time that we ask this question to ourselves and find an answer before the Lord comes.

## സഹോദരിമാർക്കായുള്ള ഹ്രസ്വകാല വചന പഠന കോഴ്സ്

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയിൽ സഹോദരിമാർക്കായി മൂന്ന് ആഴ്ച ദൈർഘ്യമുള്ള ഒരു ഹ്രസ്വകാല വചനപഠനകോഴ്സ് വീണ്ടും ആരംഭിക്കുന്നു.

വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യജീവിത ഭദ്രതാപാഠങ്ങൾ, ആദിയായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ഹ്രസ്വകാലകോഴ്സ്. നടത്തപ്പെടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പഠിച്ചവർക്കും പങ്കെടുക്കത്തക്ക നിലയിലുള്ള പാഠ്യക്രമമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷം ആദ്യമായി ചേർന്നു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രവേശനമുണ്ടായിരിക്കും.

2015 മാർച്ച് 30 തിങ്കൾ മുതൽ ഏപ്രിൽ 17 വെള്ളി വരെ ദിവസവും രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് 12:40 വരെ പത്തനംതിട്ട സുവിശേഷാലയത്തിലാണ് ഈ കോഴ്സ് നടക്കുന്നത്.

താല്പര്യമുള്ളവർ മാർച്ച് 30-ാം തീയതി രാവിലെ 9:30-നു മുമ്പ് സുവിശേഷാലയത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0468-2224045, 09961318605, 09447265500 എന്നീ നമ്പരിൽ വിളിക്കുക

ഒ. റ്റി. ചെറിയാൻ (സെക്രട്ടറി)

# മഹത്വത്തിൽ



**തിരുവനന്തപുരം:** തിരുമല ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന **എൽ.ജോസഫ് (79)** മാർച്ച് 18-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മാർച്ച് 20-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുവല്ല:** കവിയൂർ ആഞ്ഞിലിത്താനം അങ്ങേത്താഴെമേലേക്കൂറ്റ് പഴമ്പള്ളി ബ്രദർ വർക്കി പോത്തന്റെ ഭാര്യ **ജോളി** മാർച്ച് 17-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതിക ശരീരം 20-ന് ആഞ്ഞിലിത്താനം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പുനലൂർ:** ഇളമ്പൽ പീടികയിൽ **പി.സി. ശാമുവേൽ (76)** മാർച്ച് 21-ന് പ്രത്യാശയുടെ തീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം 22-ന് ഇളമ്പൽ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** ആലപ്പുഴ ബ്രദറൺ സുവിശേഷകൻ പരേതനായ വി.ഒ. ചാക്കോയുടെ മകൻ റാന്നി വെള്ളോംതാനത്ത് **വി.സി. ചാക്കോ (പാപ്പച്ചൻ-91)** കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. മാർച്ച് 23-ന് ഭൗതികശരീരം ഐത്തല ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പെരുമ്പാവൂർ:** സുവി. ഏബ്രഹാം ചെമ്പോലയുടെ ഭാര്യാപിതാവ് **ബ്രദർ എം.സി. ജോൺ** മഹത്വതീരത്തേയ്ക്ക് പ്രവേശിച്ചു. ഭൗതിക ശരീരം മാർച്ച് 26 ന് ഐമനം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തൊടുപുഴ:** നൂറനാട് സുവിശേഷകൻ കെ.സി. അനിലിന്റെ പിതാവും ചള്ളാവയൽ സഭാംഗവുമായിരുന്ന **കെ.കെ. ചെല്ലപ്പൻ (80)** മാർച്ച് 23-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. 24-ന് സ്ഥലം സഭയുടെ ചുമതലയിൽ കൂത്താട്ടുകുളത്തുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ചീമേനി (കാസർഗോഡ്):** പണിക്കരേത്ത് **സാറാമ്മ** മാർച്ച് 16-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം കിണർമുക്ക് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -74

## 1 ദിനവൃത്താന്തം

1. ഭൂമിയിലെ ആദ്യത്ത വീരൻ ആര്?
2. ദാവീദിന്റെ സേനാപതി ആര്?
3. സ്തോത്രം ചെയ്യേണ്ടതിന് ദാവീദ് നിയമിച്ച ലേവ്യർ എത്ര?
4. യിസ്രായേൽ സഭ ദാവീദിനെ രാജാവാക്കിയതെവിടെ വെച്ച്?
5. ആരുടെ കുതിരയുടെ കുതിഞരമ്പാണ് ദാവീദ് വെട്ടിക്കളഞ്ഞത്?
6. ഭൃത്യനോട് വാൾ ഊരി കുത്തുവാൻ ആവശ്യപ്പെട്ടവനാര്?
7. വെള്ളച്ചാട്ടം പോലെ ശത്രുക്കളെ തോൽപ്പിച്ചവൻ ആര്?
8. യിസ്രായേലിനോടു തോറ്റുപോയെന്നു കണ്ടിട്ടു ദാവീദിനോടു സന്ധിചെയ്തു അവനു കീഴടങ്ങിയതാര്?
9. "ദോഷം ചെയ്ത പാപി ഞാൻ ആകുന്നു" എന്നു പറഞ്ഞതാര്?
10. ദാവീദു നിയമിച്ച സംഗീതശ്രേഷ്ഠന്മാർ ആരെല്ലാം?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ബൈബിൾ ക്വിസ് 71 – ശരിയുത്തരങ്ങൾ**

1. എലീശാ (3:11) 2. എലീശാ (6:17) 3. ശമര്യയിൽ (10:35) 4. യോവാശ് (13:18) 5. മെനെഹേം (15:16) 6. മിസ്രയീം (18:21) 7. ഒരു അത്തിപ്പഴക്കട്ട (20:7) 8. നെഖോ (23:29) 9. എലീശാ, പ്രവാചകശിഷ്യന്റെ ഭാര്യയോട് (4:2) 10. യോരാം അഹസ്യാവിനോട് (9:23)

**ക്വിസ് 70 – ശരിയുത്തരം അയച്ചവർ**

Neethu Vinu Silas Palakkad, P.V. Elizabeth Peroorkada, Sheena Santhosh Thriperumthura, Mary George Pazhavangadi, C.A. Annakutty Perumbavoor, Annamma Samuel Thriperumthura, Jolly Mathew Kalanjoor, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Nicy Renji Cheppad, Rosamma Thomas Thadiyoor, Kunjunjamma Moses Elanthoor, Philomol K. Varghese South Chittoor, Rachel Manesh Wadakkanchery, C.M. Daniel Kizhakkumpattukara, Mariamma Varghese Chelikuzhy, Spurjan K.J. Russelpuram, Mercy Rumees Manalithara, P.J. Samuel Edappally, Saramma Thomas Kottayam, K.Prabhakaran Naruvamoodu, Annamma Alexander Koipuram, J. Suseela Ammanoorkonam, Ponnamma Raju Sharjah, Darley Samuel Chennai, Saramma Paulose Ooramana, Jeemon Daniel Mallappally, Jane Mathews Dhoni Palakkad, Mariamma Thomas Kunnanthanam, Annamma Chacko Mannarathara, Mariamma Thomas Pazhavangadi, Jibin Bijoy Koratty, Shiji Anil Chirayinkeezhu, Daisamma Thankachan Rajasthan, Elsy Peter Puthoor


## അധ്യാപകരെ ആവശ്യമുണ്ട്

**Did you Know that You can be a Teacher too???**

**IF YOU** are a Committed, practicing Christian.
**IF YOU** have Working knowledge in English.
**IF YOU** are a Graduate with or without B.Ed/D.Ed.
**IF YOU** have Experience or not.

**THEN APPLY NOW**

IF YOU ARE QUALIFIED TO HEAD A **CBSE** SCHOOL THEN WE NEED A COMMITTED AND QUALIFIED **PRINCIPAL** TOO...
If you are interested, send your email id to lifeacademy2010@gmail.com or send sms to 9425551248 and we will send you the application form.

# ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക്

**മൂവാറ്റുപുഴ:** എറണാകുളം ജില്ലയിൽ വാളകത്തിനടുത്ത് കുന്നയ്ക്കാൽ എന്ന സ്ഥലത്ത് താമസിക്കുന്ന സഹോ. കെ.ജെ. ഷാജു ചെറുപ്രായത്തിൽ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് സ്നാനപ്പെട്ട് രാജകുമാരി ബ്രദറൺ സഭയിൽ കർത്താവിനെ ആരാധിച്ചു വരികയായിരുന്നു. 1989-ൽ വാളകത്തിനടുത്ത് കുന്നയ്ക്കാലിൽ സ്ഥലം വാങ്ങുകയും അവിടെ താമസിച്ച് വാളകം ബ്രദറൺ സഭയോടു ചേർന്ന് കുടുംബമായി കർത്താവിനെ ആരാധിച്ചു വന്നു. വാളകം സഭയുടെ ആത്മീയ പ്രവർത്തനങ്ങളിലും കൂടാതെ വൈ. എം.ഇ.എഫ്.ന്റെ വടക്കൻ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങളിലും, സതേൺ ഗോസ്പൽ ടീം പ്രവർത്തനങ്ങളിലും സഹകരിച്ചിരുന്നു. ഇപ്പോൾ എബനേസർ ഗോസ്പൽ മിനിസ്ട്രീസിന്റെ (വാളകം) പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു വരുന്നു. 2008-ൽ പൂർണ്ണസമയ വേലയ്ക്കായുള്ള ദൈവവിളി ബോധ്യപ്പെട്ടതിനെത്തുടർന്ന് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ചേർന്ന് ദൈവവചനം പഠിക്കുകയും അതിനുശേഷം വാളകം ബ്രദറൺ സഭയോടു ചേർന്ന് സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ദൈവജനത്തിന്റെ മധ്യത്തിൽ നടക്കുന്ന പൊതുപ്രവർത്തനങ്ങളിൽ ഫലകരമായ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുന്നു. സഹോദരന്റെയും സഹപ്രവർത്തകരുടെയും പ്രവർത്തനഫലമായി നേര്യമംഗലത്ത് ഒരു സഭാകൂടി വരവ് ഉണ്ടായിട്ടുണ്ട്. പ്രിയ സഹോദരന്റെ വേലയ്ക്കായുള്ള ദൈവവിളി വാളകം ബ്രദറൺ സഭയ്ക്ക് ബോധ്യമായിരിക്കുന്നതിനാൽ സഹോദരനെ പൂർണ്ണസമയ വേലക്കാരനായി സഭ അംഗീകരിച്ചിരിക്കുന്ന വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിച്ചുകൊള്ളുന്നു. സഹോദരന് ഭാര്യയും രണ്ട് ആൺമക്കളും ഉണ്ട്. വിലാസം: K.J. Shaju, Kollamkudiyil House, Kunnackal P.O., Muvattupuzha Via, Ernakulam Dist- 682 316 Ph: 09447984515

വി.യു. ജേക്കബ്, കെ.എം. വർക്കി

## പരസ്യം

നുറുങ്ങു കവിത

**പി.വി. സന്തോഷ്, വയനാട്**

പരസ്യത്തിൽ കണ്ട സോപ്പു വാങ്ങി കുളിച്ച്  
പരസ്യമായി പുറത്തിറങ്ങാൻ പറ്റാതെയായി  
പരസ്യത്തിൽ പറയുന്ന ഗുണങ്ങളൊന്നും  
പലതിലും ഇല്ലെന്നറിയുക നീ  
പാരിലെ മർത്യന്റെ പാപങ്ങളകറ്റുവാൻ  
പരസ്യമായി നിർത്തി പുത്രനെ ദൈവം  
പരസ്യമായി യേശുവിനെ സ്വീകരിച്ചു നീ  
പരമ ഗുരുവിന്റെ ശിഷ്യനാകൂ...

## സി.എസ്.എഫ്. ക്യാമ്പ്

**ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ**

2015 ഏപ്രിൽ 21 ചൊവ്വ  
വൈകുന്നേരം 5 മുതൽ 25 ശനി ഉച്ചയ്ക്ക് 2 വരെ  
ആലുവ വൈ.എം.സി.എ. ക്യാമ്പ് സൈറ്റ്

ശുശ്രൂഷകന്മാർ: **ബ്രദർ ജോസ് മാങ്കുടി, ബ്രദർ എബി കെ. ജോർജ്ജ്**

*വഴി: ആലുവ- പെരുമ്പാവൂർ കെ.എസ്.ആർ.റ്റി.സി. ബസ്സ്റൂട്ടിൽ തോട്ടമുഖം വൈ.എം.സി.എ. ക്യാമ്പ് സൈറ്റിൽ ഇറങ്ങുക.*

**ആത്മീയ ഉണർവ്വ് നൽകുന്ന ബൈബിൾ ക്ലാസ്സുകൾ, ധ്യാനങ്ങൾ**  
**വിജ്ഞാനപ്രദമായ ബൈബിൾ സ്റ്റഡി സർക്കിൾ**  
**പാട്ട്, ബൈബിൾ ക്വിസ് – 1 ദിനവൃത്താന്തം,**  
**2 കൊരിന്ത്യർ– മത്സരങ്ങൾ, ടാലന്റ് ടൈം**

*14 വയസ്സു മുതൽ പ്രായമുള്ള എല്ലാ സഹോദരിമാരേയും കർത്തൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു*

**ബേബി കുര്യാക്കോസ്, അമ്മിണി ഫിലിപ്പ്**

## നിലമ്പൂർ സെന്റർ ക്യാമ്പ്

**നിലമ്പൂർ:** 2015 ഏപ്രിൽ മാസം 27,28,29 തീയതികളിൽ പാലേമാട് ബ്രദറൺ സഭാഹാളിൽ വച്ച് നിലമ്പൂർ സെന്റർ സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിലും പാലേമാട് ബ്രദറൺ സഭയുടെ സഹകരണത്തിലും ഒരു സെന്റർ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, കെ.വി. മാത്യൂ, ഗോഡ്സൺ വാലയിൽ, ബൈജു മാത്യു, പി.കെ. അഭിലാഷ് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതാണ്. പ്രസ്തുത ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ.

ഷൈജു റ്റി. ബേബി (സെക്രട്ടറി)

**Statement about ownership and other particulars about suviseshadhwani fortnightly**  
**Form IV**

| | | |
|---|---|---|
| 1. Place of Publication | : | Cheppad |
| 2. Periodicity | : | Fortnightly |
| 3. Printers Name | : | Samuel Thomas |
| Nationality | : | Indian |
| Address | : | Choonattu House, Cheppad P.O.,Alappuzha Dt. Pin. 690 507,Kerala, India |
| 4. Publishers Name, Nationality & Address | : | As above |
| 5. Editors Name, Nationality & Address | : | As above |
| 6. Name & Address of individuals who own the newspaper and partners of share holders holding more than one percent of total capital | : | Young Men's Evangelical Fellowship |

I Samuel Thomas hereby declare that the particulars given above are true to the best of my knowledge and beleief.

(sd/-)  
Cheppad  
28/03/2015  
**Samuel Thomas**  
(Signature of Publisher)

## ഏകദിന സമ്മേളനം

**തൃശ്ശൂർ:** വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ ഒരു ഏകദിന സമ്മേളനം 2015 മെയ് 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 11.30 വരെ നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ നടക്കുന്നു. ഈ സമ്മേളനത്തിൽ ബ്രദർ കനകരാജ് തിരുവനന്തപുരം മുഖ്യാതിഥി ആയിരിക്കും. പ്രാർത്ഥിക്കുകയും സഹോദരീ സഹോദരന്മാർ സംബന്ധിക്കുകയും ചെയ്യുക.

ഷാജു എം.പി. മാറ്റാംപുറം (സെക്രട്ടറി)

## സുവിശേഷമഹായോഗം

**പൂയപ്പള്ളി:** ബ്രദറൺ സഭാഹോൾ അങ്കണത്തിൽ 2015 ഏപ്രിൽ 13 മുതൽ 16 വരെ വൈകിട്ട് 6.30 മുതൽ 9 വരെ സുവിശേഷയോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു. ജോർജ്ജ് ചാക്കോ മാവേലിക്കര, പി. ജി. ജയിംസ് തണ്ണിത്തോട്, ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം എന്നിവർ പ്രസംഗിക്കും. ഗാനശുശ്രൂഷയും ഉണ്ടയിരിക്കുന്നതാണ്. ദൈവജനം അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

*കൺവൻഷൻ കമ്മിറ്റി*

## സോദരീ സമാജം

**അടൂർ:** സോദരീസമാജത്തിന്റെ അടുത്ത സമ്മേളനം 2015 ഏപ്രിൽ 11 ശനിയാഴ്ച ഇടയ്ക്കാട് ബ്രദറൺ സഭാഹാളിൽ വച്ച് രാവിലെ 10 മുതൽ നടത്തുവാൻ ആഗ്രഹിക്കുന്നു. പ്രസ്തുത യോഗത്തിൽ വിവിധ ആത്മീയ ശുശ്രൂഷകളോടൊപ്പം യാക്കോബ് 1 മുതൽ 5 വരെയുള്ള അധ്യായങ്ങളിൽ നിന്നും ചോദ്യോത്തര വേള ഉണ്ടായിരിക്കുന്നതാണ്. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം സംബന്ധിക്കുക.

മിനി ജോൺസൺ (സെക്രട്ടറി)

ചിന്ത

*റ്റി. വി. എസ്.*

# അവനെ ഞാൻ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു

**ക**ർത്താവിന്റെ ഐഹിക ജീവിത കാലത്ത് അനേകരും കർത്താവിനെ സ്നേഹിച്ചിരുന്നു. കർത്താവിൽ അവർ ദർശിച്ച ദൈവികത്വവും തന്റെ അത്ഭുതപ്രവൃത്തികളുടെ മഹത്വവും ആയിരുന്നു അതിന്റെ അടിസ്ഥാനം. തന്റെ ശിഷ്യനായിരുന്ന തോമാസിനോട് കർത്താവ് പറഞ്ഞു, "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു, കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" എന്ന്. എന്നാൽ കർത്താവിനെ കണ്ടിട്ടില്ലെങ്കിലും, കർത്താവിനെ സ്നേഹിച്ച് ആരാധിച്ച് അവന്റെ കാൽചുവടുകളെ പിന്തുടർന്ന് അനേകർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു. ഇന്നും മറ്റനേകർ അവനെ സ്നേഹിച്ചും, ആരാധിച്ചും തന്റെ പ്രമാണങ്ങളെ കാത്തു സൂക്ഷിച്ചും കൊണ്ട് ജീവിക്കുന്നു.

ഹൻട്രി ട്രൂമാൻ ഇപ്രകാരം ഒരു കഥ പറഞ്ഞിട്ടുണ്ട്: അത് ദൈവഭക്തിയുള്ള ഒരു യുവതിയുടേതാണ്. അവളിലെ ദൈവിക ചൈതന്യവും ജീവിത ശൈലിയും ആണ് അവളെ ദൈവഭക്തിയുള്ള ഒരു രൂപവതിയായി മാറ്റിയത്. അവൾ തന്റെ കഴുത്തിൽ മനോഹരമായ ഒരു ലോക്കറ്റ് പതിവായി അണിഞ്ഞിരുന്നു. അതിന്റെ ഉള്ളിൽ എന്താണെന്ന് തുറന്നു കാട്ടുവാൻ തന്റെ കൂട്ടുകാർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവൾ അത് തുറന്ന് ആരെയും കാണിച്ചില്ല. ഒരിക്കൽ അവൾ രോഗിയായി കിടക്കയിൽ കിടക്കേണ്ടതായി വന്നു. ഈ സമയത്ത് തന്റെ ഏറ്റവും അടുത്ത ഒരു സ്നേഹിതയെ അടുത്ത് വിളിച്ചിരുത്തി ലോക്കറ്റ് തുറന്ന് കാണിച്ചു കൊടുത്തു. അതിന്റെ ഉള്ളിൽ അവളുടെ സ്വന്തം കൈപ്പടയിൽ ഇങ്ങനെ എഴുതിയിരുന്നു. "അവനെ ഞാൻ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു." അവളുടെ

**ലോകത്തെ ആ നിലയിൽ സ്നേഹിച്ച ആരും തന്നെ ലോകത്തിൽ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകയും ഇല്ല.**

ആത്മാർത്ഥമായ നിഷ്കളങ്കമായ സ്നേഹം അത് ഹൃദയത്തിന്റെ ആഴത്തിൽ എഴുതിയതുകൊണ്ട് അത് ലോക്കറ്റിലേക്കും പ്രതിഫലിച്ചു. ആ സ്നേഹസ്പർശനം അവൾക്ക് രോഗകിടക്കയിലും ഒരു ആശ്വാസം തന്നെ ആയിരുന്നു. ആ സ്നേഹം അവളെ എപ്പോഴും അനുധാവനം ചെയ്തു കൊണ്ടിരുന്നു.

പ്രിയരെ, കർത്താവ് നമ്മെ സ്നേഹിച്ച സ്നേഹത്തിന്റെ പ്രദർശനം തന്റെ ഹൃദയത്തിൽ മാത്രമല്ല, കാൽവറി ക്രൂശിൽ പരസ്യമായി തുറന്നു കാണിക്കയായിരുന്നു. അത് തന്നെ സ്നേഹിക്കുന്നവർക്കു മാത്രമല്ല, പാപികളും, ശത്രുക്കളും അഭക്തരും ആയ നമുക്കുവേണ്ടിയും ആയിരുന്നു. അത് ലോകം അറിയണം എന്നാണ് അവിടുന്ന് ആഗ്രഹിച്ചത്. ലോകത്തെ ആ നിലയിൽ സ്നേഹിച്ച ആരും തന്നെ ലോകത്തിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകയും ഇല്ല. രാഷ്ട്രത്തെ സ്നേഹിച്ച് അതിനുവേണ്ടി മരണം കൈവരിച്ചവർ പലരും ഉണ്ട്. എന്നാൽ ലോകത്തെ സ്നേഹിച്ച് തന്റെ ജീവൻ പകരമായ് നല്കിയത് കർത്താവായ യേശുക്രിസ്തു മാത്രം. അവളുടെ കഴുത്തിലെ ലോക്കറ്റ് പ്രിയനോടുള്ള അവളുടെ സ്നേഹത്തിന്റെ ആഴത്തെ വ്യക്തമായി കാണിക്കുന്നു. എന്നാൽ തന്റെ ജീവൻ നല്കി നമ്മെ നിത്യമായ മരണത്തിൽ നിന്ന്, നരകത്തിന്റെ നിത്യമായ വേദനയിൽ നിന്നും നമ്മെ രക്ഷിച്ച കർത്താവിനോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ നമുക്ക് എന്താണ് ഉള്ളത്? കർത്താവിന്റെ ഹിതം ചെയ്ത്, അവനെ പ്രസാദിപ്പിച്ച് അവനെ മാത്രം സ്നേഹിച്ച് ലോകത്തിൽ ജീവിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. "നാം അവനെ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു." ●

**SUVISESHA DHWANI**  
Fortnightly  
Vol. 37 Issue 41  
Annual Subscription  
India Rs. 150  
USA/Canada US$ 75  
Envelope Postage  
Rs. 2000

**Please send news and articles to:**

Chief Editor  
**Samuel Thomas**  
Choonattu House  
Cheppad P.O.,  
Alappuzha Dist.,  
Kerala - 690 507  
Tel. 0479 - 2476677  
Mob : 9495162788

Associate Editors:  
**V. S. Mathew & Jose Philip**

Send your drafts & money order to :  
Managing Editor  
**P.S. Ninan**  
Thondiyath puthenveedu,  
Kallissery P.O.,  
Alappuzha - 689 124  
Tel. 0479 - 2427371  
\Mob. 9446004619

Circulation Manager:  
**John Thomas**  
Vazhuvelil House  
Pandanadu North P.O.,  
Kallissery - 689 124  
Mob: 9446918942

Please send DD/Cheque drawn in favour of :  
Suvisesha Dhwani

E-mail :  
suviseshadhwani2011@gmail.com  
**28.03.2015**

REGISTERED  
*Reg. No. RN 29475/78*  
*Postal Reg. No. KL / MVK / 188 / 2014-16*  
Licence No. KL/CR/MVK/WPP-01/2014-16  
Licenced to Post Without Pre-payment

*If not delivered, please return to :*  
Managing Editor,  
SUVISESHA DHWANI,  
Thondiyath puthenveedu, Kallissery P.O.,  
Alappuzha - 689 124,  
Kerala, India.